ജനനി

MAUK's bilingual journal

September 2023

മലയാളി അസോസിയേഷൻ ഓഫ് ദി യുകെ
MAUK
Malayalee Association of the UK

Services

Music Classes
Join Tabla, Chenda, Mridangam, Keyboard, Violin & Vocal classes

Malayalam Classes
Learn Malayalam on Sundays



Dance Classes
Join Bharathanatyam, Bollywood, Thiruvathira classes

Thanal Charity
Housing project, Drinking water project & much more. Lend a helping hand

കട്ടൻ കാപ്പിയും കവിതയും
മലയാള സാഹിത്യത്തിലേക്കുള്ള ജാലകം.

ദൃശ്യകല
ദശകങ്ങൾ പിന്നിട്ട മലയാള നാടകവേദി.
നാടക പ്രവർത്തനങ്ങളിൽ
താല്പര്യമുള്ളവർ ബന്ധപ്പെടുക.

Women's Forum
Aims to empower women by providing them with a platform to speak up, raise awareness of issues faced by women in society and campaign for equality, respect and appreciation of all women.

Become A with MAUK

Serve the community you belong to and show that you care.

പ്രിയരേ,

സർവ്വകലാശാലകളെ കേന്ദ്രീകരിച്ചു ധാരാളം മലയാളികൾ കഴിഞ്ഞ കുറേ വർഷങ്ങളായി എത്തിയതോടെ, യു.കെയിലെ ഏറ്റവും വലിയ മൂന്നാമത്തെ ജനതതിയായി മലയാളികൾ മാറിയിരിക്കുകയാണ്. പുതിയതായി ചേക്കേറിയവരുടെ ജീവിതം തളിർത്തു പുഷ്പിക്കട്ടെ എന്നാശംസിക്കുന്നു. അവരെ ചേർത്തു നിർത്തിക്കൊണ്ടാണ് ഈ വർഷത്തെ ജനനി പുറത്തിറക്കുന്നത് എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

അസോസിയേഷൻ ആരംഭിക്കുന്ന എഴുത്തച്ഛൻ ഗ്രന്ഥശാലയിൽ, യു.കെയിലെ മലയാളം എഴുത്തുകാരുടെ പുസ്തകങ്ങൾ പ്രത്യേക താല്പര്യത്തോടെ സൂക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി ലഭിച്ച പുസ്തകങ്ങൾ ജനനിയിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. വരും കൊല്ലങ്ങളിൽ കൂടുതൽ ഗ്രന്ഥങ്ങൾ എത്തട്ടെ എന്ന് ആഗ്രഹിക്കുന്നു.

ഈ രാജ്യത്തെ മലയാളം എഴുത്തിന്റെ നൂറു വർഷത്തെ ചരിത്രം മുരളീ മുകുന്ദൻ ജനനിയുടെ താളുകളിൽ കുറിച്ചിട്ടത് വരും തലമുറയ്ക്ക് ഉപകാരപ്പെടും എന്നതിൽ സംശയമില്ല. സംഘടനയുടെ അകത്തും പുറത്തും ഉള്ളവരുടെ വൈവിധ്യപൂർണ്ണമായ രചനകൾ ഉണ്ടെങ്കിലും, ഈ ലക്കത്തിലെ എല്ലാ രചനകളും പ്രവാസ ലോകത്തുള്ളവരുടെ സൃഷ്ടികളാണ് എന്നത് മറ്റൊരു പ്രത്യേകതയാണ്. രചനകൾ നൽകിയ എഴുത്തുകാരോടും, എഡിറ്റോറിയൽ ടീമിനോടും, ഡയറക്ടർ ബോർഡിനോടും, ചിത്രീകരണം ചെയ്ത കരുണാകരൻ പേരാമ്പ്രയോടും, ലേ ഔട്ട് ചെയ്ത അഭിലാഷിനോടും, ഇതു പൂർത്തിയാക്കാൻ സഹകരിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. ഇനി ഇതു നിങ്ങളിലേക്ക്.

ജനനി ടീമിനു വേണ്ടി

പ്രിയവ്രതൻ

ഉള്ളടക്കം

The joy of winter
Adian Thomas

7

കാൻ ഫെസ്റ്റിവലിലെ ഗോൾഡൻ പാമുമായി ‘പ്രേമത്തിന്റെ ത്രികോണം’
മണമ്പൂർ സുരേഷ്

8

പാവം പരിക്കേറ്റ കുട്ടി
ശ്രീകാന്ത് താമരശ്ശേരി

11

തേംസ് വാട്ടർ ഡെസ്റ്റിനി
എം. ഡി. കുതിരപ്പുറം

12

ദീപക്കാഴ്ചകൾ പൊലിഞ്ഞപ്പോൾ
ഡോ. ഷാഫി

16

ദി ബ്ലാക്ക് വിഡോ
ലിൻസി വർക്കി

19

അകമലരി
ജോജി പോൾ



23

ഡെയ്സി
ഫെമി മാത്യു

27

The Indestructible!
Mini Raghavan

31

Good morning
Dr P M Ali



32

മലയാളം എഴുത്തിന്റെ നൂറു സംവത്സരങ്ങൾ
മുരളീ മുകുന്ദൻ

33

എം.എ.യു.കെ എഴുത്തച്ഛൻ ഗ്രന്ഥശാല



36

"What we did last year"
Sreejith Sreedharan

38

സ്നേഹം നിറഞ്ഞ അംഗങ്ങളെ,

കാലഘട്ടത്തിനനുസരിച്ചു, സാമൂഹികവും, സാംസ്കാരികവും ആയ മാറ്റങ്ങളോടുകൂടി എം.എ.യു.കെ മുന്നോട്ടുള്ള പ്രയാണം തുടരുകയാണ്. മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുശ്രുതമായി സമൂഹത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊണ്ട് നമ്മുടെ കർത്തവ്യം തുടരുന്നു. വർധിച്ചു വരുന്ന പുതിയ കുടിയേറ്റം സമൂഹത്തിലുണ്ടാക്കിയ നല്ലതും ചീത്തയുമായ മാറ്റങ്ങളെ സമചിത്തതയോടു കൂടി നേരിടാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. പുതിയതായി കുടിയേറിയ മലയാളികളുടെ മാനുഷികമായ ആവശ്യങ്ങളോട് സഹകരിക്കാൻ എം.എ.യു.കെ മുൻപന്തിയിൽ തുടരുന്നു. അതോടൊപ്പം പൂർവികരായ നമ്മുടെ സാരഥികളെ ആദരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞത് അഭിമാനത്തോട് കൂടി സ്മരിക്കുന്നു.

ഈ അവസരത്തിലും സമൂഹത്തിൽ അവശരായവർക്കു വേണ്ടി നമ്മളാൽ കഴിയുന്ന സഹായങ്ങൾ തുടരുന്നു. സ്വന്തമായി ഒരു വീട് ഇല്ലാത്ത ഒരു കുടുംബത്തിന് വേണ്ടി പുതിയ ഒരു വീടു നിർമ്മാണം തുടങ്ങിയ വിവരം സന്തോഷത്തോടു കൂടി ഈ അവസരത്തിൽ നിങ്ങളെ അറിയിക്കുന്നു. ഈ സംരംഭത്തിനു വേണ്ട സഹായങ്ങൾ നൽകിയ എല്ലാവരോടും നന്ദി അറിയിക്കുന്നു. അതോടൊപ്പം ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു താങ്ങും തണലുമായി സഹകരിച്ച എല്ലാവരോടും നന്ദി പറഞ്ഞുകൊണ്ട് സ്നേഹപൂർവ്വം,

അനിൽ എടവന
ചെയർപേഴ്സൺ
എം.എ.യു.കെ

Adian Thomas

The joy of winter

It is a wintry morning,
My Christmas tree adorning,
A blanket of snow covering the ground,
Like the white angel has spread her shroud,
Everyone is sitting close to the fire all around,
Oh! How winter is so chill, but just brill!

There is a chill in the night,
But all is calm and all is bright,
As I snuggle up in my bed,
There is not a single day I dread,
As I count the days,
I remind myself Christmas is not far away.

The trees are dancing gleefully,
For they know the joy that Christmas brings,
Shiny baubles, glittery lights,
candy canes and Christmas Wreaths,
Spread happy smiles, cheer and festive bling,
Families come together on Christmas Day,
To create everlasting memories
of the times we get to play
Does anything make you smile more?
Sometimes I wonder
if winter has anything in store!

(ഐഡൻ തോമസ് (11) ഗ്രേവ് സെൻഡ് ഗ്രാമർ സ്കൂൾ വിദ്യാർത്ഥിയാണ്.)

മണമ്പൂർ സുരേഷ്

നാലു പതിറ്റാണ്ടിലേറെക്കാലം തുടർച്ചയായി ലോകത്തിലെ പ്രമുഖമായ ലണ്ടൻ ഫിലിം ഫെസ്റ്റിവൽ ഒരു പത്രപ്രതിനിധി എന്ന നിലയിൽ കവർ ചെയ്യുകയും, ലോകപ്രസിദ്ധരായ സംവിധായകരെ ഇന്റർവ്യൂ ചെയ്യുകയും സിനിമാ പഠനങ്ങൾ അവതരിപ്പിക്കുകയും, മലയാള ചിത്രങ്ങളുടെ ഫെസ്റ്റിവലിലെ സാന്നിധ്യം ആഘോഷിക്കുകയുമാണ് മണമ്പൂർ സുരേഷ് 'റേ മുതൽ ലണ്ടൻ ഫെസ്റ്റിവൽ വരെ' എന്ന പുസ്തകത്തിൽ. പുസ്തകത്തിൽ നിന്നും ഒരേട് 'ജനനി'യുടെ വായനക്കാർക്കു വേണ്ടി അവതരിപ്പിക്കുന്നു.

കാൻ ഫെസ്റ്റിവലിലെ ഗോൾഡൻ പാമുമായി 'പ്രേമത്തിന്റെ ത്രികോണം'

'ഫിലിം സ്കൂളിൽ ആയിരുന്നപ്പോൾ സീരിയസ് വിഷയം ഉള്ള വിരസമായ ആർട്ട് സിനിമകൾ കണ്ടു. സമൂഹത്തെ വിമർശിക്കുമ്പോഴും ബുനുവലിനെ പോലുള്ള മാസ്റ്റേഴ്സ് രസകരമായ സിനിമകൾ എടുത്തു. എനിക്ക് വേണ്ടത് ക്ലിക്ക് ചെയ്യാൻ ആളുകളെ പ്രേരിപ്പിക്കുന്ന വിഷയം എടുക്കണം എന്നാണു. കാണികളെ ബഹുമാനിക്കുന്ന അവർക്ക് എന്റർടൈൻമെന്റ് കൊടുക്കുന്ന സിനിമ. സുഹൃത്തുക്കളുമായി നല്ല സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ നിങ്ങൾ ചിരിക്കുന്നതുപോലെ ചിരിപ്പിക്കുന്ന സിനിമകൾ എടുക്കണം' സംവിധായകൻ റൂബൻ ഓസ്‌ലാന്റ്.

ചിരി, നിലയ്ക്കാത്ത ചിരി, ക്യാപിറ്റലിസത്തിന്റെ ഒരിക്കലും അടങ്ങാത്ത ആർത്തി നോക്കിയുള്ള ചിരി, ചൂഷണത്തെ നോക്കിയുള്ള ചിരി, ലോകത്തെ തകിടം മറിക്കുന്ന ആയുധക്കച്ചവടത്തെ നോക്കിയുള്ള ചിരി, റഷ്യയിൽ നിന്ന് വന്ന മുതലാളി പ്രഭുവിന്റെ കമ്മ്യൂണിസത്തെ നോക്കിയുള്ള ചിരി, അമേരിക്കയിൽ നിന്നും വന്ന ക്യാപ്റ്റന്റെ മുതലാളിത്തത്തെ നോക്കിയുള്ള മാർക്സിയൻ ചിരി, എപ്പോഴും താഴേത്തട്ടിൽ മാത്രം ജോലി ചെയ്യുന്ന കറുത്ത വംശജരായ കുടിയേറ്റക്കാർ അവരുടെ ചങ്ങല പൊട്ടിച്ചെറിയുന്ന അട്ടഹാസച്ചിരി.

ചിരിയുടെ പൂത്തിരി കത്തിക്കൽ. 'ദി ട്രയാംഗിൾ ഓഫ് സാഡ്നെസ്സ്' എന്ന ചിത്രത്തിലെ ക്യാപ്റ്റനും റഷ്യൻ മുതലാളി പ്രഭുവും തമ്മിലുള്ള ചിരി ഉയർത്തുന്ന 'കൊട്ടേഷൻ പയറ്റിന്റെ' ചെറിയൊരുദാഹരണം ഇങ്ങനെ: 'വികസനത്തിന് വേണ്ടിയുള്ള വികസനം ക്യാൻസർ സെല്ലിന്റെ തത്വശാസ്ത്രമാണ്'– കമ്മ്യൂണിസ്റ്റുകാരനായ ആഡംബരക്കപ്പൽ ക്യാപ്റ്റൻ.

'സോഷ്യലിസത്തിന്റെ പ്രശ്നം അത് മറ്റുള്ളവരുടെ പണം ചെലവഴിച്ചു തീരും എന്നുള്ളതാണ്', മാർഗരറ്റ് താച്ചറുടെ കോട്ട് റഷ്യൻ മുതലാളി പ്രഭു മറുപടിയായി പറയുന്നു. 'നമുക്ക് കയർ വിറ്റ ആളായിരിക്കും, നമ്മൾ തൂക്കിലേറ്റുന്ന അവസാനത്തെ ക്യാപിറ്റലിസ്റ്റ്,' കാൾമാർക്സ് കോട്ട് ക്യാപ്റ്റൻ പറയുന്നു.

2022ലെ ലണ്ടൻ ഫിലിം ഫെസ്റ്റിവലിൽ അഞ്ഞൂറോളം വരുന്ന പത്രപ്രതിനിധികളോടൊപ്പവും, രണ്ടാമത് 2500

ലണ്ടനിലെ കേരളാ ഹൗസിൽ വച്ചു നടന്ന പുസ്തകപ്രകാശന വേളയിൽ ഡോ. മിർസ സംസാരിക്കുന്നു. വേദിയിൽ ഡോ. അർച്ചന സോമൻ, ഡോ. പ്രസന്ന രാജൻ, ഗ്രന്ഥകർത്താവായ മണമ്പൂർ സുരേഷ്.

പേരിരിക്കുന്ന റോയൽ ഫെസ്റ്റിവൽ ഹാളിൽ പൊതുജനങ്ങൾക്കൊപ്പവും ഈ ചിത്രം കണ്ടപ്പോൾ ചിരിയുടെ മാലപ്പടക്കമല്ല ചിരിയുടെ നിരന്തരമായ സ്ഫോടനങ്ങളാണ് സിനിമാ തിയേറ്ററുകളിൽ നടന്നത്. കാൻ ഫിലിം ഫെസ്റ്റിവലിൽ 2022 ലെ പരമോന്നതമായ പാം ഡോർ അവാർഡ് (ഗോൾഡൻ പാം) നേടിയ ഡയറക്ടർ റൂബൻ ഓസ്‌ലാന്റ് ഇത് രണ്ടാം പ്രാവശ്യമാണ് ഈ ഉന്നതമായ അവാർഡ് നേടി സിനിമാ ചരിത്രത്തിന്റെ ഭാഗമാകുന്നത്. ചിത്രത്തിന്റെ തിരക്കഥാകൃത്തും എഡിറ്ററും കൂടിയാണ് റൂബൻ ഓസ്‌ലാന്റ്.

ചില ചിത്രങ്ങൾ കാണികളുടെ നിസ്സഹകരണം കൊണ്ടും പരാജയപ്പെടാം എന്ന് 'ട്രയാംഗിൾ ഓഫ് സാഡ്നെസ്സ്' മൂന്നാം തവണ കണ്ടപ്പോൾ ബോധ്യമായി. ഞാനീ ചിത്രം ആദ്യം കാണുന്നത് ലണ്ടൻ ഫെസ്റ്റിവൽ കാണികളോടൊപ്പവും രണ്ടാമത്തേത് പത്രപ്രതിനിധികളോടൊപ്പവും ആയിരുന്നു. സാധാരണ പത്രപ്രതിനിധികൾ മാത്രമുള്ള പ്രദർശനത്തിന് അൽപം വിരസതയുണ്ടാകും, കാരണം ചിരിയൊന്നും ഇല്ലാതെയാണ് അവരുടെ കാഴ്ച. പക്ഷേ ഇപ്പോൾ അത് ശരിക്കും മാറി, ചിരിച്ചുകൊണ്ട് തന്നെ അവർക്കു ചിത്രം ആസ്വദിക്കാനാകും. പക്ഷേ മൂന്നാമത് കണ്ടപ്പോൾ ഫെസ്റ്റിവലിൽ നിന്നകലെ സാധാരണ കാണികൾ വരുന്ന തിയേറ്ററിൽ ആയിരുന്നു. അവർ യാതൊരു പ്രതികരണവും ഇല്ലാതെ ചിത്രം കണ്ടു. കാണികൾക്കും ഒരു പടത്തെ പൊളിക്കാനാകും എന്നപ്പോൾ അറിഞ്ഞു. ആദ്യം പറഞ്ഞ രണ്ടു വിഭാഗവും ശരിയായ സിനിമാപ്രേമികൾ ആണെന്ന തോർക്കുക.

റിലീസായി മൂന്നാഴ്ചയ്ക്കകം പതിനാലു മില്യണിലധികം ഡോളർ ബോക്സ് ഓഫിസിൽ വരുമാനമുണ്ടാക്കിയ ഈ ചിത്രത്തിന്റെ നിർമ്മാണത്തിന് പിന്നിൽ നാല് രാജ്യങ്ങളുണ്ട്: സ്വീഡൻ, ജർമനി, ഫ്രാൻസ്, ബ്രിട്ടൻ. സംവിധായകൻ സ്വീഡിഷ്കാരനായ റൂബൻ ഒസ്ലാന്റും. അതിസമ്പന്നരെയും ആയുധക്കച്ചവടക്കാരെയും വയറുവേദനിപ്പിക്കുന്ന രീതിയിൽ പരിഹസിച്ചു ചിരിക്കുന്ന 'ദി ട്രയാംഗിൾ ഓഫ് സാഡ്നെസിന്റെ' നിർമ്മാണത്തിനായി ധനികരെ എങ്ങനെ ലഭിച്ചു എന്ന ചോദ്യത്തിന് ഒരു കമ്മ്യൂണിസ്റ്റുകാരിയായ അമ്മ വളർത്തിയ റൂബൻ ഒസ്ലാന്റ് ചിരിച്ചുകൊണ്ട് ഇങ്ങനെ മറുപടി പറയും: 'ആ കാര്യത്തിൽ ക്യാപിറ്റലിസത്തെ ഞാനിഷ്ടപ്പെടുന്നു. എവിടെ ലാഭമുണ്ടാക്കാൻ കഴിയുന്നോ അവിടെ ഞങ്ങൾ ആരെ പരിഹസിക്കുന്നോ എതിർക്കുന്നോ എന്നതൊന്നും ഒരു പ്രശ്നമേ അല്ല.'

ഒരു ചെസ് ബോർഡിലെ മൂന്നു ഭാഗം പോലെയാണ് സിനിമ. ആദ്യം ഫാഷൻ ഇൻഡസ്ട്രിയും അതിലെ രണ്ടു മോഡലുകളും, രണ്ടാമത് ആഡംബരബോട്ടും അതിലെ യാത്രയും, മൂന്നാമത് ആളൊഴിഞ്ഞ ദ്വീപും.

സൗന്ദര്യം ഒരു നാണയത്തുട്ടുപോലെ ഉപയോഗിക്കുന്ന മോഡലുകൾ. സൗന്ദര്യം ഒന്നുകൊണ്ട് മാത്രം സൗഭാഗ്യങ്ങൾ കീഴടക്കുന്ന ഇവർ രണ്ടുപേരുടെ ബന്ധവും അവരുടെ പ്രശ്നങ്ങളും ചിത്രത്തിൽ വരുന്നു. സൗന്ദര്യത്തിന്റെ മൂലധനവുമായിത്തന്നെ അവർ 250 മില്യൻ പൗണ്ട് വിലയുള്ള ആഡംബര ബോട്ടിൽ സൗജന്യമായി സ്ഥലം പിടിക്കുന്നു.

ഈ സൂപ്പർ റിച്ചു അഥവാ അതിസമ്പന്നർ വിനോദത്തിനു യാത്ര ചെയ്യുന്ന ഉല്ലാസ ബോട്ട്, അവിടെയാണ് ചിത്രത്തിലെ എല്ലാ കഥാപാത്രങ്ങളും മോഡലുകളായ

കാമുകീകാമുകന്മാരും എത്തുന്നത്. അവരിലൂടെ ചിത്രത്തിന്റെ കഥാതന്തു വികസിക്കുന്നു. ഇവിടെ തങ്ങൾ പറയുന്നത് മാത്രമാണു ശരി എന്ന് വിശ്വസിക്കുന്ന അതിസമ്പന്നർ. യന്ത്രത്താലോടുന്ന ബോട്ട്, പായ്ക്കപ്പലാണെന്നു പറഞ്ഞാൽ അത് അങ്ങനെയെങ്കിൽ അങ്ങനെ തന്നെ എന്ന് സമ്മതിക്കേണ്ടിവരുന്ന ക്യാപ്റ്റൻ ഉൾപ്പെടെയുള്ള ആളുകൾ. അവർ പറയുന്നതെന്തും 'എസ് സാർ', 'എസ് മാം' എന്ന് പറഞ്ഞു സമ്മതിക്കാൻ മാത്രം പരിശീലിച്ചിരിക്കുന്ന അപ്പർ ഡെക്കിലെ വെളുത്ത വംശജരായ സ്റ്റാഫ്. താഴേത്തട്ടിൽ പുറത്തു കാണാത്തവരായി കറുത്ത യൂനിഫോമിൽ അടച്ചിട്ടിരിക്കുന്ന 'ടോയ്‌ലറ്റ് മാനേജർ' പോലുള്ള ജോലികൾ ചെയ്യുന്ന ഫിലിപ്പീൻ വംശജരായ ജോലിക്കാർ. വർണ്ണത്തിൽ അധിഷ്ഠിതമായ ഈ തരംതിരിവുകളെ ശരിക്കും പരിഹസിക്കുന്ന ചിത്രമാണ് 'ദി ട്രയാംഗിൾ ഓഫ് സാഡ്നെസ്.''

ഈ യാത്രയിൽ നമ്മൾ ആദ്യഘട്ടത്തിൽ തന്നെ പരിചയപ്പെടുന്ന വൃദ്ധദമ്പതികൾ 'വി ആർ ഫ്രം ഗ്രേറ്റ് ബ്രിട്ടൻ' എന്ന് സ്വയം പരിചയപ്പെടുത്തുന്നു. ഇത് കേൾക്കുമ്പോൾ തന്നെ തിയേറ്ററിൽ ചിരി ഉയരും. അത് വീണ്ടും ആവർത്തിക്കുമ്പോൾ ചിരിയുടെ ശക്തികൂടുകയാണ്. എന്താണ് ജോലി എന്ന ചോദ്യത്തിന് 'ഞങ്ങൾ ലോകത്തിൽ ഡെമോക്രസി കൊണ്ടുവരുന്നു' എന്ന് മറുപടിയും അതിന്റെ വിശദീകരണവും കൂടിയാകുമ്പോൾ തിയേറ്ററിൽ നിലയ്ക്കാത്ത ചിരി നിറയും. 'ഞങ്ങൾ എല്ലാപേർക്കും ഗ്രനേഡുകൾ വിൽക്കുന്നു' സ്ഫോടകശക്തിയുള്ള ഗ്രനേഡുകൾ വിറ്റാണ് ലോകത്തു ജനാധിപത്യം കൊണ്ടുവരുന്നത് എന്ന വിശദീകരണത്തിനു ചിരിയുടെ ഘോഷയാത്രയാണ് സ്ഫോടനം പോലെ ഉയരുന്നത്. അവസാനം ആഫ്രിക്കൻ തീരത്ത് എത്തുന്ന ആഡംബര ബോട്ടിലേക്ക് എടുത്തെറിയപ്പെടുന്നതും ഇവർ നിർമ്മിച്ച ഗ്രനേഡ് തന്നെ. ആ സമയത്തിത് കയ്യിലെടുത്തു 'ഞങ്ങൾ വിറ്റ ഗ്രനേഡ് തന്നെ' എന്ന് അഭിമാനം കൊള്ളുമ്പോൾ അത് പൊട്ടിത്തെറിച്ച് ആഡംബര ബോട്ട് നാമാവശേഷമാകുകയാണ്. സ്വന്തം ഗ്രനേഡ് കൊണ്ട് തന്നെ ഈ കഥാപാത്രങ്ങൾ ചിത്രത്തിൽ നിന്നും അപ്രത്യക്ഷരാകുന്നു.

ആഡംബര ബോട്ട് തകർന്നു തരിപ്പണമായി വിജനമായ ദ്വീപിൽ എത്തപ്പെടുന്നവർ എല്ലാപേരും തുല്യരാവുകയാണ്. കൂടെയുള്ള മനുഷ്യജീവികളെ പ്രാണികളെപ്പോലെ കണ്ടവർ ഇപ്പോൾ സഹകരണത്തിന്റെ ഭാഷയിൽ സംസാരിക്കുന്നു. തുടക്കത്തിൽ ഉണ്ടായിരുന്ന ശ്രേണീബദ്ധമായ തരംതിരിവ് തകിടം മറിയുന്നു. 'ടോയ്‌ലറ്റ് മാനേജർ' ആയിരുന്ന ഫിലിപ്പീൻ സ്ത്രീക്കാണ് ഇവിടെ ആധിപത്യം, കാരണം കഴിക്കാനുള്ള മത്സ്യം കടലിൽ നിന്നും പിടിക്കുന്നതും പാചകം ചെയ്യുന്നതും അവരാണ്. അവർക്കു മാത്രമേ അതറിയാവൂ.

ഇവിടെ റഷ്യൻ സമ്പന്ന പ്രഭുവിന്റെ കയ്യിൽ വച്ച് അയാളുടെ ഭാര്യ മരിക്കുന്നു. ഭാര്യയുടെ ജീവൻ നഷ്ടപ്പെട്ട ഉടൻ അയാൾ ആദ്യം ചെയ്യുന്നത് അവരുടെ കഴുത്തിലുള്ള മാലയും, കയ്യിലെ മോതിരവും ഊരിയെടുക്കുന്നതാണ്. ഭാര്യയുടെ മരണമൊന്നും പ്രശ്നമല്ല വിലപ്പെട്ട ആഭരണങ്ങൾ കൈക്കലാക്കാനുള്ള ആർത്തി നമ്മൾ കാണുന്നു.

പുരുഷ മോഡലായഭിനയിച്ച ഹാരിസ് ഡിക്കിൻസൺ, ചിത്രത്തിൽ കാൾ മാർക്സിനെ തുടർച്ചയായി കോട്ടു ചെയ്യുന്ന ക്യാപ്റ്റനായഭിനയിച്ച വൂഡി ഹാരൽസെൻ, ഫിലിപ്പീൻസ് സ്റ്റാഫായി വരുന്ന ഡോളി ഡി ലിയോൺ, റഷ്യൻ മുതലാളി പ്രഭുവായി വന്ന് കമ്മ്യൂണിസ്റ്റ് വിരുദ്ധ കോട്ടുകൾ പറയുന്ന സ്ലാട്കോ ബുറിക്, റഷ്യൻ മുതലാളി പ്രഭുവിന്റെ ഭാര്യയായി വരുന്ന സണ്ണി മെല്ലെസ് തുടങ്ങിയവരുടെ രസകരമായ അഭിനയം ചിത്രത്തെ മറക്കാനാവാത്തതാക്കി.

ഇതിൽ മോഡലായി അഭിനയിച്ച മുഖ്യ താരമായിരുന്ന ചാൽബി ഡീൻ ക്രീക് എന്ന 32കാരി സുന്ദരി, 2022 ജൂലൈ മാസം- ചിത്രത്തിന്റെ റിലീസിന് മുമ്പ്- പെട്ടെന്നുണ്ടായ അസുഖം നിമിത്തം അന്തരിച്ചുവെന്നുള്ളത് ഈ ചിത്രം കണ്ട പലരെയും വേദനിപ്പിച്ച സംഗതിയായി നിൽക്കുന്നു.

നർമ്മരസം അതിസമർഥമായി ഉപയോഗിച്ചിരിക്കയാണ് സംവിധായകനും തിരക്കഥാകൃത്തുമായ റൂബൻ ഓസ്‌ലാന്റ്. മോഡലിംഗ്, അത്യാഡംബര കപ്പൽ, വിജനമനോഹരമായ ദ്വീപ് ഈ ആകർഷകമായ പശ്ചാത്തലത്തിൽ തന്റെ സന്ദേശം, ഫലവത്തായി പകർത്തുകയാണിവിടെ. ചിരി തന്നെയാണിവിടത്തെ ആയുധം. ഇത്രയും കുറിക്കു കൊള്ളുന്ന ചിരി ഈയടുത്തൊന്നും ഒരു ചലച്ചിത്രത്തിൽ ഉപയോഗിച്ചു കണ്ടിട്ടില്ല. പക്ഷേ പണിയെടുക്കുന്നവർക്കു ആധിപത്യം വരുമ്പോൾ, അസമത്വം മാറുമ്പോൾ എല്ലാം ശരിയാകും എന്നല്ല ചിത്രം പറയുന്നത്. അവിടെയും പ്രശ്നങ്ങൾ ഉണ്ടാകാം. കാരണം മനുഷ്യൻ കുറവുകൾ ഉള്ളവനാണ്. പ്രാകൃത ചിന്തകൾ അവനെ പിടികൂടും.

''മുതലാളിത്തത്തിലും ഒപ്പം കമ്മ്യൂണിസത്തിലും ഉള്ള നന്മകൾ കാണാൻ ഇപ്പോൾ കഴിയുന്നില്ല എന്നതാണു പ്രശ്നം. എനിക്ക് പലതിലും മാറ്റം വേണം എന്ന ചിന്തയാണ്, അതാണ് ഞാൻ പടമെടുക്കുന്നതു. കുറേ ആളുകളെ തിയേറ്ററിൽ കയറ്റുക എന്നതല്ല എന്റെ ലക്ഷ്യം. എനിക്ക് ഈ ലോകത്തെ മാറ്റണം. സിനിമയിലൂടെ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ കൊണ്ടുവരുന്നു. അത് വിജയിപ്പിക്കാനാണ് ഞാൻ നോക്കുന്നത്''- സംവിധായകനും തിരക്കഥാകൃത്തുമായ റൂബൻ ഓസ്‌ലാന്റ് തന്റെ നിലപാട് തറ ഉറപ്പിക്കുന്നു.

(ഫേബിയൻ ബുക്സ് പ്രകാശനം ചെയ്ത മണമ്പൂർ സുരേഷിന്റെ 'റേ മുതൽ ലണ്ടൻ ഫെസ്റ്റിവൽ വരെ' എന്ന പുസ്തകം ലഭിക്കാൻ ഗ്രന്ഥകാരന്റെ 0730 540 2018 എന്ന നമ്പറിൽ ബന്ധപ്പെടുക.)

ശ്രീകാന്ത് താമരശ്ശേരി



പാവം പരിക്കേറ്റ കുട്ടി

പാവം പരിക്കേറ്റ കുട്ടി... ചോര
കാറ്റിൻ തുണിയെടുത്തൊപ്പി
തുള്ളി മഞ്ഞിറ്റിച്ചു വീഴ്ത്തി പൂഴി-
മണ്ണിൻ മരുന്നു പുരട്ടി
തെക്കു വടക്കു കിടക്കും പാത
തല്ക്കാലമമ്മയായ് തോന്നി
ആകാശത്തൊറ്റക്കുയരും സൂര്യ-
നാരാരുമല്ലെന്നും തോന്നി...

ദൂരത്തു ദൂരത്തു നിന്നും
ഒരു താരാട്ടുപോലെന്തോ കേട്ടൂ
കോലൻ മുടിയിഴക്കുള്ളിൽ നീങ്ങും
നീളൻ കുഴിനഖമോർത്തൂ...
മെല്ലെയെഴുന്നേറ്റിരുന്നൂ കണ്ണിൽ
വല്ലാതെ വെള്ളം നിറഞ്ഞൂ
ഇറ്റിറ്റുതീരും ചുടുനീർ ഭൂമി
നെറ്റിയിലേറ്റു പുളഞ്ഞൂ...

എം. ഡി. കുതിരപ്പുറം

തേംസ് വാട്ടർ ഡെസ്റ്റിനി

'നിനക്കെന്താ ഇത്ര ഈഗോ' എന്ന് ആരെക്കൊണ്ടും പറയിക്കരുത്, നീ എവിടെ പോയി പഠിച്ചാലും എത്ര വലിയവനായാലും. ഇതായിരുന്നു ഉപരി പഠനത്തിന് നാട്ടിൽ നിന്നും ലണ്ടനിലേക്ക് തിരിക്കുമ്പോൾ എന്റെ കൈപിടിച്ച് യാത്രയാക്കിയ പപ്പയുടെ ഉപദേശം. ഈ ഉപദേശം ഞാൻ എന്റെ മനസ്സിൽ സൂക്ഷിച്ചിട്ടുണ്ട്.

വെസ്റ്റ് മിൻസ്റ്ററിലെ പാർലമെന്റ് ഹൗസ് സ്റ്റോപ്പിൽ നിന്നും ചുവന്ന ഡബിൾ ഡെക്കർ ബസ്സിൽ കയറി ഞാൻ മോണുമെന്റ് സ്റ്റേഷനിൽ ഇറങ്ങി. അമ്പത് മീറ്റർ കൂടി മുമ്പോട്ട് നടന്നാൽ ലണ്ടൻ ബ്രിഡ്ജിൽ എത്തും. എന്നാൽ കലങ്ങിയ മനസ്സിന് എന്തെങ്കിലും തണുപ്പ് കിട്ടാൻ വേണ്ടിയാണ് ഞാൻ ലണ്ടൻ ബ്രിഡ്ജിന് താഴെ തേംസ് നദിക്കരയിലെ 'തേംസ് വാക്ക്' എന്നറിയപ്പെടുന്ന ഫൂട്ട്പാത്തിലേക്ക് പോയത്.

തേംസ് നദിയുടെ ഇരുകരകളിലും സന്ദർശകർക്കായി മുഴുനീളം ഭംഗിയുള്ള നടപ്പാതകൾ ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും അതിന്റെ ഭംഗി ആസ്വദിക്കാൻ പറ്റിയ മനോനിലയിലല്ല ഞാൻ അങ്ങോട്ട് ചെന്നത്. അവിടെ സ്ഥാപിച്ചിട്ടുള്ള ബെഞ്ചുകളിൽ പൊക്കം കുറഞ്ഞ വിളക്കുകാലുകൾക്ക് അരികിൽ, ഒഴുകുന്ന നദിയിലേക്ക് നോക്കിയിരുന്നാൽ മനസ്സിന്റെ വ്യഥകൾ കുറേ നേരത്തേക്ക് ഇറക്കിവയ്ക്കാൻ പറ്റിയേക്കും. അതായിരുന്നു എന്റെ ലക്ഷ്യം.

എന്റെ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന ഫ്രാൻസുകാരൻ ലിയോ ആണ് രണ്ടാഴ്ച്ച മുമ്പ് ഈ സ്ഥലം എനിക്ക് പരിചയപ്പെടുത്തിയത്.

റോഡ് സൈഡിലെ മാർബിൾ സ്റ്റെപ്പുകൾ ഇറങ്ങി താഴോട്ട് ചെല്ലുമ്പോൾ അവിടെ വിശ്രമിച്ചിരുന്ന കടൽകൊക്കുകൾ എന്നെക്കണ്ട് ഇഷ്ടപ്പെടാതെ വെളുത്ത ചിറകു

കൾ വീശി പറന്നുപോയി. ഞാൻ നദിക്ക് അഭിമുഖമായി ഒഴിഞ്ഞു കിടന്ന ഒരുബെഞ്ചിൽ പോയി ഇരുന്നു. മെല്ലെ ഒഴുകുന്ന നദിയിലെ കുഞ്ഞോളങ്ങളെ കീറിമുറിച്ചു കൊണ്ട് നീങ്ങുന്ന ഉല്ലാസ ബോട്ടുകളിൽ ഇരിക്കുന്ന വിനോദസഞ്ചാരികൾ നഗരഭംഗികൾ ആസ്വദിച്ചു ഉല്ലസിക്കുന്നത് അകലെ കാണുന്നുണ്ട്.

സമയം വൈകുന്നേരം എട്ടുമണി കഴിഞ്ഞു. സമ്മർ സമയം ആയതുകൊണ്ട് ഇംഗ്ലണ്ടിലെ സൂര്യാസ്തമയത്തിനു സുമാർ രണ്ടു മണിക്കൂർ ഇനിയും ബാക്കിയാണ്.

വർക്കിംഗ് ഡേ ആയതുകൊണ്ടായിരിക്കും തെംസ് വാക്കിൽ ആളുകൾ കുറവായിരുന്നു. അത് നൽകിയ സ്വസ്ഥതയിൽ ഞാൻ എന്റെ ചിന്തകളെ സ്വതന്ത്രമായി മേയാൻ വിട്ടു.

ഇംഗ്ലണ്ടിൽ ഉപരിപഠനത്തിന് എന്ന പേരിൽ വന്നിറങ്ങിയിട്ട് മാസം മൂന്നാകുന്നു. നാട്ടിലെ റോഡ് സൈഡിലും നഗരങ്ങളിലും ഉയർന്നു നിൽക്കുന്ന 'സ്റ്റഡി എബ്രോഡ് ആൻഡ് മൈഗ്രേറ്റ്' എന്ന് പല വർണ്ണങ്ങളിൽ ഉയർന്നുനിൽക്കുന്ന പരസ്യം കണ്ട് മയങ്ങി, ബാങ്ക് ലോൺ എടുത്ത് ജോലിയും പഠിത്തവും സ്വപ്നം കണ്ട് കടൽ കടന്ന ആയിരങ്ങളിൽ ഒരുവനാണ് ഞാനും.

നാട്ടിൽ നിന്നും സപ്ലി എഴുതി ഡിഗ്രി പാസായ ഉഴപ്പൻമാർ പോലും ബാങ്ക് ലോൺ എടുത്തു വിദേശരാജ്യങ്ങളിൽ ഉപരിപഠനം വഴി ജോലി എന്ന കാണാപ്പൊന്നിന് പോയ്ക്കൊണ്ടിരിക്കുന്നു. പോയവർ പോയവർ ജോലി ചെയ്ത് പണം ഉണ്ടാക്കുന്നു എന്നാണ് കേൾവി. അതിന്റെ കൂടെ ഈ പരസ്യങ്ങളുംകൂടി കണ്ടപ്പോഴാണ് ബി.എ. ഇക്കണോമിക്സ് ആവറേജ് പാസായ എനിക്കും എവിടെങ്കിലും പോകണം പണമുണ്ടാക്കണം എന്ന കോള് തുടങ്ങിയത്.

കേവലം ഒരു റേഷൻ കടക്കാരന്റെ മകനായ ജെറിൻ തോമസ് എന്ന എനിക്ക് എളുപ്പത്തിൽ എത്തിപ്പിടിക്കാൻ പറ്റാത്ത വിദേശപഠനം തരമാക്കിയത് എസ്.ബി.ഐയുടെ മുപ്പത്തിയഞ്ച് ലക്ഷത്തിന്റെ ബാങ്ക് ലോൺ ആണ്.

''തോമസ് ചേട്ടാ, അവിടെ ചെന്നുകഴിഞ്ഞാൽ ജെറിന് പഠിക്കുന്നതിന്റെ കൂടെ ജോലിയും ചെയ്യാം, ഈ ലോൺ ഒക്കെ ഒന്നോ രണ്ടോ കൊല്ലം കൊണ്ട് ഈസി ആയിട്ട് വീട്ടാം.''

പപ്പയോട് 'സ്റ്റഡി അബ്രോഡ് ഏജന്റ്' പറഞ്ഞ മധുരമൊഴികൾ ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ട്.

കേൾക്കുന്നത് നേരാണെന്നു ധരിച്ച് ഞാനും പപ്പയെ എരിവു കേറ്റി. 'എനിക്കും ലണ്ടനിൽ പോകണം, ഞാൻ അവിടെ ജോലി ചെയ്തു ലോൺ വീട്ടിക്കോളാം പപ്പാ.' ഈ ഉറപ്പിലാണ് മുപ്പത്തിമൂവായിരം അടി ഉയരത്തിൽ ഓടിക്കിതച്ചു വന്ന എയർ ഇന്ത്യ വിമാനത്തിൽ നിന്നും ലണ്ടൻ ഹീത്രോ എയർപോർട്ടിലേക്ക് ഞാനും കാൽകുത്തിയത്.

എവിടെ നിന്നോ പറന്നുവന്ന ഒരു സീഗൾ പക്ഷി നദിയിലേക്ക് ചുണ്ടു താഴ്ത്തി. എന്നിട്ട് വീണ്ടും ഉയർന്നു പൊങ്ങി. അവന്റെ ചുണ്ടിൽ പിടയ്ക്കുന്ന ഒരു മീനിനെ കണ്ടു. 'ചുണ്ടിൽ ഒതുങ്ങുന്നതേ കൊത്താവൂ' എന്ന ചൊല്ല് എത്ര ശരിയാണ്! അതാണോ ഞാൻ കാണിച്ചത്? എടുക്കാൻ പറ്റാത്ത കടവും കൊത്തി പറക്കുന്ന എന്റെ ചിറകുകൾ ഇപ്പോഴേ തളരുകയാണ്. പക്ഷേ എങ്ങനെ തളരും? തളർന്നാൽ ഈ കടം പപ്പയ്ക്ക് താങ്ങാൻ പറ്റില്ലല്ലോ. മൂന്നു മാസമായി ഒരു പാർട്ട്ടൈം ജോലി അന്വേഷിച്ചിട്ട് കിട്ടിയത് കെ.എഫ്.സിയിൽ വല്ലപ്പോഴും ഒരു ഷിഫ്റ്റ്. ഇന്റർനാഷണൽ സ്റ്റുഡന്റ്സ് മുഴുവൻ ജോലി തപ്പി നടക്കുമ്പോൾ എല്ലാവർക്കും കിട്ടുന്നതെങ്ങനെ?

ഒരു കുടുസ്സ് മുറിയിൽ ഷെയറിങ് അക്കോമഡേഷന് മാസം 500 പൗണ്ട് കൊടുക്കണം. ഭക്ഷണ ചെലവ് വേറെ. സ്റ്റഡി അബ്രോഡുകാരൻ ഒരുക്കിയ 'കെണി അബ്രോഡ്' എന്ന പെരുമ്പാമ്പ് എന്നെ പതിയെ വരിഞ്ഞു മുറുക്കുകയാണ്. ആവശ്യത്തിന് പാർട്ട്ടൈം ജോലി

കിട്ടിയില്ലെങ്കിൽ, ഞാൻ എന്തുചെയ്യും?

ചിന്തകൾക്ക് ചൂടുപിടിച്ചു തല പുകഞ്ഞുതുടങ്ങിയപ്പോഴാണ് ഒരു പെൺകുട്ടി ഞാൻ ഇരിക്കുന്നതിന് അടുത്ത് നദിക്കരയിൽ കെട്ടിയിരിക്കുന്ന പൊക്കം കുറഞ്ഞ മതിലിനോട് ചേർന്ന് ഫൂട്ട്പാത്തിൽ ചിന്താവിഷ്ടയായി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നത് കണ്ടത്. കറുത്ത ട്രാക്ക് സ്യൂട്ടും വെളുത്ത ടോപ്പും ധരിച്ച അവളുടെ മുടിക്കും അസ്തമയ സൂര്യന്റെ കതിരുകൾക്കും ഒരേ നിറമാണ്. കൈകൾ രണ്ടും നെഞ്ചോട് ചേർത്ത് പിണച്ചുവച്ചു കുനിഞ്ഞു നടക്കുന്ന അവൾ ഇടയ്ക്കിടെ തല ഉയർത്തി നദിയിലെ വെള്ളത്തിലേക്കും നോക്കുന്നുണ്ട്.

അടുത്ത ബെഞ്ചിൽ ഇരിക്കുന്ന അവൾ എന്നെ തീർച്ചയായും കണ്ടു കാണും. ഇളം കാറ്റിൽ ഇളകിയാടിയ കുരുനിരകൾ പാതി മറച്ച അവളുടെ മുഖം ഒട്ടും പ്രസന്നമല്ല. എന്റെ ചിന്തകൾ തണുക്കാൻ വച്ചിട്ട് ഞാൻ ആ പെൺകുട്ടിയെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് അവൾ പതിയെ അരഭിത്തിയുടെ മുകളിലേക്ക് കയറിയത്. വെള്ളത്തിലേക്ക് നോക്കും, ഇടയ്ക്ക് ഒളികണ്ണിട്ടു എന്നെ നോക്കും. എന്റെ സാമീപ്യം അവളെ അസ്വസ്ഥമാക്കുന്നതുപോലെ. ഇങ്ങനെ പലപ്രാവശ്യം തുടർന്നു. അവളുടെ മുഖത്ത് ഉരുണ്ടു വന്ന ഭീതിയുടെ നിഴൽ ഞാൻ വായിച്ചു. അവൾ നദിയിലേക്ക് ചാടാനുള്ള പുറ

പ്പാടാണെന്ന് എനിക്ക് തോന്നി.

എന്റെ ഊഹം തെറ്റിയില്ല. നദിയിലേക്ക് ചാടാൻ ഒരു മെട്ട് കുനിഞ്ഞ അവളെ ഞാൻ ഓടിച്ചെന്ന് പിടിച്ചു.

''എന്നെ വിടൂ, എനിക്ക് മരിക്കണം. എന്റെ ബോയ്ഫ്രെണ്ട്, അവൻ എന്നെ ചീറ്റ് ചെയ്തു. നീ ആരാണ് എന്നെ തടയാൻ?''

അവളെ തടഞ്ഞ എന്റെ നേരെ നോക്കി, അവൾ ദേഷ്യത്തോടെ പുലമ്പി. അപ്പോഴാണ് ഞാൻ അവളുടെ മുഖം ചൊവ്വേ കണ്ടത്. ഇവളെ ഞാൻ എവിടെയോ കണ്ടിട്ടുണ്ടല്ലാ.

''നിന്നെ ഞാൻ എവിടെയോ കണ്ടിട്ടുണ്ടല്ലോ?''

''ഇല്ല, നീ സബ്ജക്റ്റ് മാറ്റാൻ നോക്കണ്ട, നിന്നെ ഞാൻ അറിയില്ല.''

''ഇല്ല നിന്നെ ഞാൻ കണ്ടിട്ടുണ്ട്. ഇപ്പോൾ മനസ്സിലായി. യൂനിവേഴ്സിറ്റിയിൽ ഫ്രെഷേഴ്സ് ഇൻട്രാക്ഷനിൽ വച്ച്. മൂന്നു മാസങ്ങൾക്ക് മുമ്പ്.''

ഞാൻ ഇത് പറഞ്ഞപ്പോൾ അവൾ ആദ്യം വിശ്വസിച്ചില്ല. വാടിയ മുഖവുമായി അവൾ എന്റെ മുഖത്തുനോക്കിക്കൊണ്ട് അരഭിത്തിയിൽ ഇരുന്നു. ഇപ്പോൾ അവളുടെ മുഖത്തെ രൗദ്രഭാവം കുറച്ചു കുറഞ്ഞു.

''നോക്കൂ, ഞാൻ ലണ്ടൻ യൂനിവേഴ്സിറ്റി കോളേജിൽ ഇക്കണോമിക്സിന് പഠിക്കുകയാണ്. യൂനി ഇൻട്രോയിൽ വച്ച് നിന്നെ കണ്ടത് ഞാൻ ഓർക്കുന്നു. എന്റെ പേര് ജെറിൻ. നിന്റെ പേര്, സോറി ഞാൻ ഓർക്കുന്നില്ല.''

അൽപ്പ മൗനത്തിന് ശേഷം അവൾ പറഞ്ഞു: ''ഞാൻ ജാക്കി സ്മിത്ത്.''

സ്വരം താഴ്ത്തി പേരു പറയുമ്പോൾ അവളുടെ കലങ്ങിയ കണ്ണുകൾ ഐസ് ഇട്ട പരൽപോലെ നിർജ്ജീവമായിരുന്നു.

''വരൂ, ഈ ബെഞ്ചിൽ ഇരിക്കാം. എന്നോട് പറയൂ. എനിക്ക് നിന്നെ ഹെൽപ്പ് ചെയ്യാൻ പറ്റിയാലോ.''

ഞാൻ അവളെ ചാരുബെഞ്ചിലേക്ക് കൂട്ടി.

പെട്ടെന്നുണ്ടായ വികാരവിക്ഷോഭത്തിൽ കയറിവന്ന ആത്മഹത്യാ ചിന്തയ്ക്ക് തടയിടാൻ എനിക്ക് സാധിച്ചതുകൊണ്ട് അവൾക്ക് എന്നെ അനുസരിക്കാനും എന്നെ കേൾക്കാനുമുള്ള മനസ്സുണ്ടായി. അവൾ നിർവികാരയായി വന്ന് മെല്ലെ ബെഞ്ചിന്റ ഒരറ്റത്ത് ഇരുന്നു. അപ്പോൾ, അതിലെ കടന്നുപോയ ചില ആളുകൾ തലതിരിച്ചു നോക്കിയിട്ട് കൂട്ടുകാരായ ഞങ്ങൾ തമ്മിൽ എന്തോ പ്രശ്നമാണെന്ന് കരുതി നടന്നുപോയി. മറ്റുള്ളവരുടെ പ്രശ്നത്തിൽ വെള്ളക്കാർ നിവൃത്തിയുണ്ടെങ്കിൽ തലയിടാൻ പോകില്ല എന്നെനിക്ക് മനസ്സിലായി.

''ലുക്ക്, ജാക്കി, ജീവിതപ്രശ്നങ്ങൾക്ക് പരിഹാരമാകാൻ തെംസ് നദിയിലെ വെള്ളത്തിനു കഴിയുമെങ്കിൽ നിനക്കു മുമ്പേ ഇതിലേക്ക് എടുത്തു ചാടേണ്ടവൻ ഞാനായിരുന്നു.''

''നീയോ? എന്തിന്?''

നല്ല ബ്രിട്ടീഷ് ആക്സെന്റിൽ ജാക്കി എന്നോട് ചോദിക്കുമ്പോൾ അവളുടെ മൂഡ് സാധാരണ നില കൈവരിക്കുകയായിരുന്നു.

''അതേ, ഞാൻ. നിനക്കറിയുമോ? എടുക്കാൻ വയ്യാത്ത ബാങ്ക് ലോൺ എടുത്ത് വിദേശ പഠനത്തിന് വന്ന എനിക്ക് ആശ്വാസമായി ഒരു പാർട്ട്ടൈം ജോലി പോലും കിട്ടുന്നില്ല. കടം എങ്ങനെ വീട്ടും എന്ന ചിന്തയിൽ കടമെടുത്ത് ലണ്ടനിലേക്ക് വന്ന എന്റെ വിധിയെ ഞാൻ പഴിച്ചുകൊണ്ട് ഇവിടെ ഇരിക്കുകയായിരുന്നു. എന്നാൽ വിധി എന്നെ എന്തിന് ലണ്ടനിൽ കൊണ്ടുവന്നു എന്നതിന് ഇപ്പോൾ ഉത്തരമുണ്ട്.''

''ജെറിൻ എന്താണാ ഉത്തരം?''

''അതോ? ലണ്ടനിൽ വന്ന് തേംസിൽ നിന്നും ഒരു സുന്ദരിയുടെ ജീവൻ രക്ഷിക്കുക അതായിരുന്നു എന്റെ ഡെസ്റ്റിനി. മനസ്സിലായോ?''

ഇതുകേട്ടപ്പോൾ അവളുടെ മുഖത്ത് ഒരു ചെറിയ മന്ദഹാസം വിടർന്നു. മനസ്സിന്റെ പിരിമുറുക്കം അയഞ്ഞു.

''ജെറിൻ, നിന്നെ പരിചയപ്പെട്ടതിൽ വളരെ സന്തോഷം. ഒരു എടുത്തു ചാട്ടത്തിൽ നിന്ന് എന്നെ രക്ഷിച്ചതിനു നന്ദി. നീ ഫോൺ നമ്പർ തരൂ. ങ്ഹാ, ഡെസ്റ്റിനി ഇനി നമുക്കായി എന്തൊക്കെയാണ് പ്ലാൻ ചെയ്തിരിക്കുന്നത് എന്നറിയണമല്ലോ. എന്റെ ഡാഡിന് ഇവിടെ ധാരാളം കോൺടാക്ട്സ് ഉണ്ട്. ഡാഡ് വിചാരിച്ചാൽ നിനക്ക് ഒരു നല്ല പാർട്ട്ടൈം ജോലി കണ്ടുപിടിക്കാൻ പറ്റും. ഏതായാലും വന്ന കാര്യം നടക്കാഞ്ഞ സ്ഥിതിക്ക് ഇനി നമുക്കു പോകാം, എന്താ ജെറിൻ?''

ഈ പ്രാവശ്യം രണ്ടുപേരും ഉറക്കെ ചിരിച്ചു. അതിനു ശേഷം രണ്ടാളും ഫോൺ നമ്പർ കൈമാറി.

''ഞങ്ങളുടെ വീട് വിമ്പിൾഡണിലാണ്. ജെറിൻ നിനക്ക് എന്റെ കൂടെ സ്റ്റേഷൻ വരെ വരാമോ, സീ ഓഫ് ചെയ്യാൻ?''

'ഷുവർ. എനിക്ക് അതിന് സന്തോഷമേയുള്ളൂ.''

എത്ര പെട്ടെന്നാണ് ഞങ്ങൾ സുഹൃത്തുക്കളായത്, ഞാൻ അതിശയിച്ചു. റെയിൽവേ സ്റ്റേഷനിലേക്കു പോകുമ്പോൾ ജാക്കി പറഞ്ഞു.

''വീട്ടിൽ ചെന്നാൽ ഞാൻ ആദ്യം ചെയ്യാൻ പോകുന്നത് എന്താണെന്നറിയാമോ ജെറിൻ? എന്റെ റൂമിൽ എഴുതിവച്ചിരുന്ന ആത്മഹത്യാക്കുറിപ്പ് എടുത്ത് കീറിക്കളയും.''

ഞങ്ങൾ രണ്ടാളും ഉറക്കെ ചിരിച്ചു. അതിന്റെ അലകൾ ഒന്നായി ചേർന്ന് സ്റ്റേഷനിലേക്കുള്ള സബ്‌വേയുടെ ചുമരുകളിൽ പ്രതിധ്വനിച്ചു.

ഡോ. ഷാഫി

ദീപക്കാഴ്ചകൾ പൊലിഞ്ഞപ്പോൾ

ഒമ്പതാം ക്ലാസിൽ ട്യൂഷനു പോയിരുന്നു. ആവശ്യം ഉണ്ടായിട്ടല്ല. വീട്ടിലെ ചില ചില്ലറ പ്രശ്നങ്ങളിൽ നിന്ന് കുറച്ചുനേരം മാറിനിൽക്കാൻ. ഒരു എസ്കേപ്പ് ആവശ്യമായി തോന്നിയിരുന്നു. തൃശ്ശൂർ പോലീസ് കാർട്ടേഴ്സിൽ താമസിക്കുകയായിരുന്നു അക്കാലത്ത്. കാർട്ടേഴ്സ് കോംപൗണ്ടിന്റെ ഉള്ളിലുള്ള വീടുകളിൽ ഒന്നായിരുന്നു ശങ്കു സാറിന്റേത്. അദ്ദേഹത്തിന്റെ മകൾ ബീന ചേച്ചി ട്യൂഷൻ എടുക്കുന്നുണ്ടായിരുന്നു. ഞാൻ അവിടെ ചേർന്നു.

ശങ്കു സാറും ഭാർഗ്ഗവി ചേച്ചിയും.

എപ്പോഴും ചിരിക്കുന്ന രണ്ടുപേർ. അതായിരുന്നു സത്യത്തിൽ ആ വീട്ടിൽ ട്യൂഷനു പോകാൻ എന്നെ പ്രേരിപ്പിച്ചത്. ചിരിക്കുന്ന മുഖങ്ങൾ കാണാനുള്ള എന്റെ ആഗ്രഹം.

ഭാർഗ്ഗവി ചേച്ചി തയ്ക്കുമായിരുന്നു. ചില്ലറ ബൗസ് ടൈറ്റ് ആക്കലും ലൂസ് ആക്കലുമൊക്കെ. കുറച്ച് പോക്കറ്റ് മണി അങ്ങനെ ഉണ്ടാക്കുമായിരുന്നു. അമ്മയുടെ കൂട്ടുകാരിയായതുകൊണ്ട് വീട്ടിൽ എപ്പോഴും വരും.

ഞങ്ങൾ താമസിച്ചിരുന്നത് പട്ടാളം റോഡ് ശക്തൻസ്റ്റാൻഡിനെ ബന്ധിപ്പിക്കുന്ന റോഡിനോടു ചേർന്നുള്ള മുൻനിര കാർട്ടേഴ്സുകളിൽ ഒന്നിലായിരുന്നു. ആ റോഡ് പണിയൊക്കെ നടക്കുന്ന കാലമായിരുന്നു. കുറേക്കാലം ടാർ ചെയ്യാതെ വെറും ഉയർന്ന ഉറച്ച ചെമ്മണ്ണ് റോഡായിരുന്നു. അവിടെ പതുക്കെ പതുക്കെ ഫൂട്പാത്ത് കച്ചവടക്കാർ താവളമടിച്ചു തുടങ്ങിയിരുന്നു. ചുവന്ന തണ്ണിമത്തൻ ജ്യൂസും പച്ചയുടെ നിറഭേദങ്ങളുള്ള തണ്ണിമത്തനുകളുമായി ഇരിക്കുന്ന കച്ചവടക്കാർ. ഓഡിയോ കാസറ്റുകളും വസ്ത്രങ്ങളും വിൽക്കുന്ന മറ്റു ചിലർ.



നവംബർ-ഡിസംബർ മാസങ്ങളിൽ മഫ്ളറുകളും രോമക്കുപ്പായങ്ങളും വിൽക്കാൻ എത്തുന്ന നേപ്പാളി സ്ത്രീകൾ. അങ്ങനെ പോകും അവിടത്തെ കാഴ്ചകൾ.

ചെരിപ്പ് ഇടാതെ ചിരിച്ചുകൊണ്ടു വീട്ടിലേക്കു കയറി വരുന്ന ഭാർഗ്ഗവി ചേച്ചി എന്റെ അക്കാലത്തെ ഓർമ്മകളിൽ പൗർണ്ണമിബിംബം പോലെ ഉദിച്ചുനിൽക്കുന്നു.

വെളുത്ത് ചുവന്ന മനുഷ്യനായിരുന്നു ശങ്കു സാർ. നല്ല സുന്ദരൻ. നരച്ച ഒരു കൊമ്പൻമീശയൊക്കെ വച്ച്. സൗമ്യനായി, എപ്പോഴും ചിരിച്ച്, എന്തെങ്കിലും തമാശ പറഞ്ഞ് അല്ലാതെ ഞാൻ പുള്ളിക്കാരനെ കണ്ടിട്ടില്ല. അവർക്ക് മൂന്നു മക്കളായിരുന്നു.

ബീന ചേച്ചി മൂത്തത്, വെളുത്ത് മെലിഞ്ഞ് നല്ല ഭംഗിയുള്ള പെണ്ണാണ് ബീന ചേച്ചി. തൃശ്ശൂർ ടൗണിലുള്ള പാറമേക്കാവ് കോളേജിൽ ഡിഗ്രിക്ക് പഠിക്കുകയായിരുന്നു. പിന്നെ ബിനു, താഴെ എന്റെ പ്രായത്തിൽ ഉള്ള ബിന്ദു.

ബീന ചേച്ചി എടുക്കുന്ന ട്യൂഷൻ ഗാംഗിൽ മറ്റു പെൺകുട്ടികളും പിന്നെ ജീജൻ എന്ന ഒരു ആൺകുട്ടിയും ഉണ്ടായിരുന്നു. ഈ ഗ്രൂപ്പിൽ പോയിരിക്കാൻ വേണ്ടിയാണ് ഞാൻ ട്യൂഷന് പോകുന്നത്.

എന്നെ ബീന ചേച്ചിക്ക് വല്യ ഇഷ്ടമാണ്. പക്ഷേ, അത് ഒട്ടും പ്രകടിപ്പിക്കാറില്ല. കാരണം എനിക്ക് കുറച്ചൊക്കെ വിവരമുണ്ട് എന്ന ഒരു തോന്നൽ ബീന ചേച്ചിക്കുണ്ട്. അതു കാരണം ഞാൻ കാര്യമായ ഒരു വില ബീന ചേച്ചിക്ക് കൊടുക്കുന്നില്ല എന്ന് ചുമ്മാ അങ്ങ് പുള്ളിക്കാരി ധരിച്ചു വച്ചു. പിന്നെ ഞാൻ വെറുതെ ഒരു രസത്തിന് വരുന്നതാണെന്നൊരു തോന്നൽ ബീന ചേച്ചിക്കും വന്നിട്ടുണ്ട്. ആ കുട്ടി നന്നായി പഠിക്കും എന്നൊക്കെ മറ്റുള്ളവരോട് പറയുന്നതു കേൾക്കാം. അതു കേൾക്കാൻ എനിക്കും വലിയ ഇഷ്ടമായിരുന്നു.

ജീജൻ അത്യാവശ്യത്തിന് കുറുമ്പനാണ്. ഹോംവർക്ക് ചെയ്യാതെ വരുന്നതിന് അവനെ പുറത്തുനിർത്തും. എനിക്കും അവന്റെ കൂടെ പുറത്തുനിൽക്കാൻ നല്ല ഇഷ്ടമായിരുന്നതിനാൽ ഞാൻ ഹോംവർക്ക് മനപ്പൂർവ്വം ചെയ്യാതെ വരും. ഞങ്ങൾ പുറത്തുനിന്ന് തമാശയൊക്കെ പറഞ്ഞ് ആസ്വദിക്കുന്നത് കാണുമ്പോൾ ബീന ചേച്ചിക്ക് കലി വരും.

കുറച്ച് പെൺകുട്ടികൾ അവിടെ ട്യൂഷന് വന്നിരുന്നു

വെന്നു ഞാൻ പറഞ്ഞല്ലോ. കൗമാരപ്രായത്തിലുള്ള അവരുടെ പാദസ്വരങ്ങളുടെ കിലുക്കംകൊണ്ട് മുഖരിതമായിരുന്നു അന്തരീക്ഷം. ട്യൂഷൻ നടക്കുന്നതിനിടയിൽ തന്നെ ശങ്കു സർ എന്തെങ്കിലും തമാശയുമായി വരും.

സന്ധ്യ എന്ന് പേരുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. ഒരു നാണം കുണുങ്ങിയായിരുന്നു സന്ധ്യ. ''സന്ധ്യേ, കണ്ണീരിതെന്തേ സന്ധ്യേ'' എന്നൊക്കെ പാടിഷർട്ടിടാതെ ശങ്കു സർ എല്ലാവരെയും ചിരിപ്പിച്ചുകൊണ്ട് അവിടെയും ഇവിടെയുമൊക്കെ നടക്കും. 'അച്ഛാ' എന്നു വിളിച്ച് ടീച്ചറമ്മ ചമഞ്ഞ് കലിതുള്ളും ബീന ചേച്ചി.

ബിന്ദു, ബിന്ദു, (രണ്ടു ബിന്ദുക്കൾ) നിഷ, ജിഷ, ബീന എന്നിങ്ങനെ ആയിരുന്നു ട്യൂഷന് വന്നിരുന്ന മറ്റു പെൺകുട്ടികൾ. അന്നത്തെ പേരുകൾ ആയിരുന്നു അതൊക്കെ.

തെറ്റുപറ്റിയാൽ പെൺകുട്ടികളെ ബഞ്ചിന്റെ പുറത്ത് കയറ്റിനിർത്തിയും അത്യവശ്യത്തിന് ചൂരൽ ചുഴറ്റി പേടിപ്പിച്ചും വിലസുകയായിരുന്നു ബീന ചേച്ചി.

ഇങ്ങനത്തെ കളിയും കണ്ടുകൊണ്ട് തൊട്ടടുത്തുള്ള റൂമിൽ ഇരുന്ന് ഭാർഗ്ഗവി ചേച്ചി തയ്യൽ മെഷീൻ ചലിപ്പിക്കുന്നുണ്ടായിരിക്കും. അടിക്കലും കരയലും ചിരിക്കലും ഒക്കെകൊണ്ട് ജീവസ്സുറ്റ അന്തരീക്ഷം. ആ സമയത്തായിരുന്നു 'ബോബി' സിനിമ ദൂരദർശനിൽ വന്നത്. പഴയ നല്ല ഹിന്ദി സിനിമകൾ കാണാൻ അന്ന് ദൂരദർശൻ ആയിരുന്നു ആശ്രയം. ചിത്രഹാറും മറ്റും പൂത്തുലഞ്ഞു നിൽക്കുന്ന നല്ല കാലം. ബോബി അൽപ്പം 'ചൂടൻ' രംഗങ്ങളൊക്കെയുള്ള സിനിമയായിരുന്നു. കാര്യമായിട്ടൊന്നുമില്ല. പക്ഷേ, അക്കാലത്ത് അതൊക്കെ 'ചൂട്' ആയിരുന്നു. ഇന്റർനെറ്റ് explosionനു മുമ്പുള്ള പുരാതനകാലത്തിന്റെ കാര്യമാണല്ലോ അത്.

അതിൽ ഋഷികപൂർ ബൈക്ക് ഓടിച്ചുപോകുമ്പോൾ പിന്നിൽ ഇരിക്കുന്ന ഡിമ്പിൾ അദ്ദേഹത്തിന്റെ ചെവിടിൽ പ്രേമപൂർവം കടിക്കുന്ന ഒരു രംഗമുണ്ട്. അതിന്റെ കാര്യം പറഞ്ഞ് ഭാർഗ്ഗവി ചേച്ചി ഭയങ്കര ചിരിയും വെറുതെ എന്നെ ഓരോന്ന് പറഞ്ഞ് കളിയാക്കുകയുമൊക്കെ ചെയ്യുമായിരുന്നു. പൊട്ടിച്ചിരികൾകൊണ്ട് മുഖരിതമായ ഒരു സ്വർഗ്ഗമായിരുന്നു അത്.

******

ശങ്കു സാർ ആത്മഹത്യ ചെയ്തു എന്ന് കേട്ട നിമിഷമായിരുന്നു ജീവിതത്തിലെ ഏറ്റവും വലിയ അവിശ്വസനീയ നിമിഷങ്ങളിൽ ഒന്ന്. അതും വിഷം കുടിച്ച്...

എന്തിന്?

ആർക്കും അറിയില്ല. ഒരാൾക്കും. ഇപ്പോഴും അറിയില്ല.

പോലീസുകാരുടെ ജീവിതം അങ്ങനെയായിരുന്നു. വീട്ടിൽ ശാന്തസ്വഭാവക്കാരായിരുന്ന പലരും ഉള്ളിൽ നീറുന്ന നെരിപ്പോടുള്ളവരായിരുന്നു. ആർത്തലത്തു കരയുന്ന ഭാർഗ്ഗവി ചേച്ചിയെ കണ്ടിരിക്കാൻ പാടായിരുന്നു.

അവരുടെ മുഖഭാവം എന്നേക്കുമായി മാറിപ്പോയി. മുഖത്തു നിന്നു ജീവൻ നഷ്ടപ്പെട്ടപോലെ. ഇങ്ങനെ പൊടുന്നനെ മറയുമോ മനുഷ്യന്റെ സന്തോഷങ്ങൾ? കത്തിനിന്ന ദീപക്കാഴ്ചകളെല്ലാം തട്ടിമറിഞ്ഞപോലെ...

കരിമഷി എഴുതാതെ തന്നെ ഭാർഗ്ഗവി ചേച്ചിയുടെ കൺതടങ്ങളിൽ കറുപ്പ് പടർന്നുകിടന്നു. ചുറുചുറുക്കുണ്ടായിരുന്ന ആ സ്ത്രീ ആർക്കോ വേണ്ടി നടക്കുന്നതുപോലെ നടന്നു. അന്നു തുടങ്ങി തുടർച്ചയായി അവർക്ക് ചുഴലി വരാൻ. വായിൽ നിന്ന് നുരയും പതയും ഒക്കെ വന്ന് പലപ്പോഴും അങ്ങനെ തളർന്നുകിടക്കും.

ഞാൻ മെഡിക്കൽ കോളേജിൽ ആദ്യ വർഷ വിദ്യാർഥിയായിക്കഴിഞ്ഞിരുന്നു അക്കാലത്ത്. സ്വാഭാവിക മരണം അല്ലാത്തതിനാൽ മെഡിക്കൽ കോളേജിൽ ആയിരുന്നു പോസ്റ്റ്മാർട്ടം.

മരണകാരണം എന്തെന്നറിഞ്ഞുതരാമോ എന്ന് ശങ്കു സാറിന്റെ കുടുംബം എന്നോട് ആവശ്യപ്പെട്ടു. അവർക്കൊരിക്കലും ആത്മഹത്യ എന്നത് അംഗീകരിക്കാൻ കഴിഞ്ഞില്ല.

മെഡിക്കൽ കോളേജിലെ തുടക്കകാലമായിരുന്നതിനാൽ ആരെ സമീപിക്കണമെന്ന് എനിക്ക് കൃത്യമായി അറിയുമായിരുന്നില്ല. പോസ്റ്റ്മോർട്ടം ഒക്കെ നടത്തുന്ന ഫോറൻസിക് മെഡിസിൻ വിഭാഗം തലവൻ ഡോക്ടർ രാമൻ കുട്ടി സർ ആയിരുന്നു അന്നത്തെ വൈസ് പ്രിൻസിപ്പൽ. ഞാൻ അദ്ദേഹത്തെ ചെന്നുകണ്ടു കാര്യം പറഞ്ഞു. ശാന്തമായി കേട്ട് കട്ടികണ്ണടയിലൂടെ സൂക്ഷിച്ചുനോക്കി അദ്ദേഹം പതുക്കെ പറഞ്ഞു:

''അതിന് ഒരു ആപ്ലിക്കേഷൻ ഫോം ഉണ്ട്. അതു പൂരിപ്പിച്ചു കൊണ്ടുവരണം.''

ശാന്തതയുടെ, സ്വച്ഛതയുടെ പ്രതിരൂപമായിരുന്നു എപ്പോഴും രാമൻകുട്ടി സാർ. വിദ്യാർഥികളെ മനസ്സിലാക്കാനുള്ള ഒരു കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. റിപോർട്ട് ആത്മഹത്യ എന്നത് ശരിവച്ചു.

പിന്നീട് ഒരിക്കലും സന്തോഷത്തിന്റെ പൂക്കാലങ്ങൾ ഭാർഗ്ഗവി ചേച്ചിക്കോ കുടുംബത്തിനോ ഉണ്ടായിട്ടില്ല. വർഷങ്ങൾ കഴിഞ്ഞിട്ടും എന്നോട് സംസാരിക്കുമ്പോഴെല്ലാം നിർജ്ജീവമായ അവരുടെ മുഖത്ത് കൺകോണുകളിൽ മെഴുകുതുള്ളിപോലെ കണ്ണീർക്കണം തങ്ങിനിന്നു.

ആരോടെന്നില്ലാത്ത പരിഭവവും ദേഷ്യവുമുള്ള മുഖമായി മാറി അത്.

അകാരണമായ ഒരു കുറ്റബോധം അവരെ കാണുമ്പോഴെല്ലാം ഞാനും അനുഭവിച്ചുപോന്നു.

ആ പോസ്റ്റ്മോർട്ടം റിപോർട്ട് സ്വാഭാവിക മരണം എന്നു പറഞ്ഞിരുന്നെങ്കിലെന്ന് അത്രമേൽ ആത്മാർഥമായി ഞാൻ ആഗ്രഹിച്ചിരുന്നു.

ലിൻസി വർക്കി

ദി ബ്ലാക്ക് വിഡോ

പുതുമഴ പെയ്തു കുതിർന്ന മൺവഴിയിലൂടെ, ഈറൻ മാറാത്ത ഇലച്ചാർത്തുകൾക്കിടയിലൂടെ കാപ്പിപ്പൂക്കളുടെ വശ്യസുഗന്ധം ആവോളമാസ്വദിച്ച് ഒരു സ്വപ്നത്തിലെന്നവണ്ണം അവൾ നടന്നു. ആരും നോക്കിനിന്നുപോകുന്ന അംഗഭംഗിയും നീണ്ടുവിടർന്ന കണ്ണുകളിൽ വിരിഞ്ഞ നക്ഷത്രങ്ങളും ചെഞ്ചുണ്ടിലൂറിയ മൃദുമന്ദഹാസവും അവളെ ഒരു അപ്സരസാക്കി മാറ്റി. ആ ജ്വലിക്കുന്ന സൗന്ദര്യം കണ്ട് തേൻകുടിക്കുന്ന വണ്ടുകളും പൂമ്പൊടി ശേഖരിക്കുന്ന തേനീച്ചകളും അത്ഭുതത്തോടെ നോക്കിനിന്നു.

അയത്തെ ദേവീക്ഷേത്രത്തിൽ ഉത്സവം കുടിയേറിയിരുന്നു. അവിടെ നിന്നുയർന്നുകേൾക്കുന്ന തായമ്പകയെക്കാൾ ദ്രുതഗതിയിൽ അവളുടെ ഹൃദയം മിടിച്ചു. ശ്വാസഗതി ക്രമാതീതമായി ഉയരുകയും കണ്ണുകൾ പിടക്കുകയും ചെയ്തു. അവൾ മറ്റേതോ ലോകത്തായിരുന്നു. അപ്സരസുകളും ഗന്ധർവന്മാരും മാത്രമുള്ള ഒരു ലോകത്ത്. അവിടെ അവളുടെ ഗന്ധർവ്വൻ അവൾക്കായി പാടുകയും അവൾ നൃത്തമാടുകയും ചെയ്തു.

അവളുടെ ഹൃദയം കുറച്ചുനാളുകൾക്കു മുമ്പു കണ്ട ഒരു ഗന്ധർവ്വനിൽ ഉറച്ചുപോയിരുന്നു. അവനെക്കുറിച്ചോർത്ത് ഊണും ഉറക്കവും നഷ്ടപ്പെട്ടിരുന്നു. അവളുടെ സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും കാരണം അയാളായിരുന്നു.

അന്നേക്ക് കൃത്യം മൂന്നുമാസങ്ങൾക്കു മുമ്പുള്ള ഒരു പ്രഭാതത്തിലാണ് അവൾ അയാളെ ആദ്യമായി കണ്ടത്. രണ്ടു ദിവസത്തെ അവധികഴിഞ്ഞ് ജോലിസ്ഥലത്തേക്കുള്ള യാത്രയിലാണ് അയാൾ അവളുടെ കാറിനു കൈ കാണിച്ചത്.

ഇരുട്ട് മാറിയിരുന്നില്ല. പ്രഭാതനക്ഷത്രം അപ്പോഴും തെളിഞ്ഞു നിന്നിരുന്നു. കുടവയറും കൊളസ്ട്രോളും

കുറയ്ക്കാനായി കൈകൾ ആഞ്ഞുവീശി നടക്കുന്ന സ്ത്രീ-പുരുഷന്മാരെ വഴിയിൽ കണ്ടുതുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ.

വെള്ളയാംകുടി ടൗണിനോടടുക്കുന്നതിനു തൊട്ടു മുമ്പ് കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിനടുത്തുള്ള വളവിലാണ് അയാൾ നിന്നിരുന്നത്. കറുത്ത ലെതർജാക്കറ്റിന്റെ ഹുഡ് തലവഴി വലിച്ചിട്ട് തോളിൽ വലിയൊരു ഗിറ്റാറുമായി ലിഫ്റ്റ് ചോദിച്ച അയാളെ അവഗണിച്ച് അവൾ കുറച്ചുദൂരം മുന്നോട്ടുപോയെങ്കിലും ആളെ മനസ്സിലായപ്പോൾ പെട്ടെന്ന് ബ്രേക്ക് ചവിട്ടി.

നിലത്തുവച്ചിരുന്ന വലിയ ബാഗുമെടുത്ത് ഓടിവന്നു ഡോർ തുറക്കാൻ തുടങ്ങിയ അയാൾ ഡ്രൈവിംഗ് സീറ്റിൽ അവളെക്കണ്ട് പെട്ടെന്നു പിറകോട്ടുമാറി, കൈപൊക്കി സോറി പറഞ്ഞുകൊണ്ട് തിരിച്ചു നടക്കാൻ തുടങ്ങി. ഗ്ലാസ് താഴ്ത്തി ഒരു ചെറുചിരിയോടെ അവൾ വിളിച്ചുചോദിച്ചു:

''എന്താ പോരുന്നില്ലേ?''

''സോറി, ആണുങ്ങളാരെങ്കിലുമായിരിക്കുമെന്നാ വിചാരിച്ചേ.'' അയാൾ ചമ്മൽ മറച്ച് ചിരിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു.

''അതെന്നാ പെണ്ണുങ്ങളെ പേടിയാണോ.''

അവൾ കളിയാക്കി

''ഏയ് അതൊന്നുമല്ല, വണ്ടി നിർത്തിയപ്പോൾ ഡ്രൈവർ സ്ത്രീയായിരിക്കുമെന്നു പ്രതീക്ഷിച്ചില്ല.''

''സ്ത്രീകൾ ദയയില്ലാത്തവരാണെന്നാണോ?''

അവൾ വിട്ടുകൊടുക്കാൻ കൂട്ടാക്കിയില്ല.

''അതൊന്നുമല്ലിഷ്ടാ... ആ ആനക്കാട്ടിലൂടെയൊക്കെ തനിച്ചു പോകണമെങ്കിൽ താനൊരു ധൈര്യശാലി തന്നെ എന്നു പറയുകയായിരുന്നു. ആട്ടെ ഈ കൊച്ചുവെളുപ്പാൻ കാലത്ത് തനിയെ എങ്ങോട്ടാ?''

''എറണാകുളം.''

''ഞാനും എറണാകുളത്തിനാണ്, വൈറ്റില.''

''എന്നാ പോരെ, കൂട്ടായല്ലോ.''

അവൾ ഡോർ ലോക്ക് തുറന്നു.

അയാൾ ശിത്താറും ബാഗും പിറകിലെ സീറ്റിൽ വച്ച് മുമ്പിൽ കയറി ഇരുന്നുകൊണ്ട് പറഞ്ഞു.

''ഞാൻ ജീവൻ... ടാറ്റയുടെ ഓഫീസിൽ ജോലി ചെയ്യുന്നു.''

''ഞാൻ ശ്യാമ. ഇൻഫോപാർക്കിൽ ജോലി ചെയ്യുന്നു. തണ്ടർ ബോയ്സിലെ സിങ്ങർ ജീവൻ മാത്യുവിനെ എനിക്കറിയാം. പാട്ടു കേട്ടിട്ടുണ്ട്.'' അവൾ ചിരിച്ചു.

''ആഹാ, ചുമ്മാതല്ല കാർ നിർത്തിയത്! ആരാധിക ആണല്ലേ?''

അയാളും ചിരിച്ചു. മനോഹരമായ ആ ചിരിയും രൂപവും മെറിന്റെ വിവാഹ റിസപ്ഷന് ജീവനെ സ്റ്റേജിൽ കണ്ടപ്പോൾ മുതൽ അവളുടെ ഉള്ളിൽ പതിഞ്ഞതാണ്. പക്ഷേ അടുത്തു കാണുന്നത് ഇന്നാണ്. അവൾ ഇടംകണ്ണിട്ടു നോക്കി. നെറ്റിമൂടിയ ഹുഡിനു താഴെ കൂട്ടിമുട്ടുന്ന കട്ടിപുരികങ്ങൾ. ആയിരം വാട്ട് തെളിച്ചമുള്ള തിളങ്ങുന്ന കണ്ണുകൾ. വെട്ടിയൊരുക്കിയ ഫ്രഞ്ച് താടിയും മീശയും. വലതുകാതിൽ ചെറിയ വെള്ളിവളയം. വെളുപ്പിനോടു ചേർന്ന ഇരുനിറം. ആറടിയിലധികം ഉയരം. മുപ്പതിന്റെ ആദ്യപകുതിയിലായിരിക്കാം പ്രായം എന്ന് അവൾ അനുമാനിച്ചു. ''ഇവിടെയാണോ വീട്?''

അവൾ ഡ്രൈവിങ്ങിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് തല അൽപം ചരിച്ച് ചോദിച്ചു.

''അല്ല... വീടു കോട്ടയത്താണ്. ഇവിടെ അപ്പച്ചിയുടെ വീടാണ്. ഇന്നലെ കട്ടപ്പന ടൗൺഹാളിൽ ഒരു പ്രോഗ്രാം ഉണ്ടായിരുന്നു. അതു കഴിഞ്ഞ് ഇവിടെ തങ്ങി.'' അയാൾ പറഞ്ഞു.

''ഫാമിലി?'' അവൾ സംസാരം തുടരാനാഗ്രഹിച്ച് വീണ്ടും ചോദിച്ചു.

''ഒറ്റ'' എന്നു മാത്രം പറഞ്ഞ് തുടരാനിഷ്ടമില്ലാത്തതുപോലെ അയാൾ സ്റ്റീരിയോയിൽ നിന്നൊഴുകിയ ഹിന്ദി ഗാനത്തിനു താളംപിടിച്ച് പുറത്തേക്കു നോക്കിയിരുന്നു.

യാത്രയിലുടനീളം അവളാണ് കൂടുതൽ സംസാരിച്ചത്. പരിചയമില്ലാത്ത ഒരു സ്ത്രീയുടെ കൂടെ തനിച്ചു യാത്ര ചെയ്യുന്നതിന്റെ ജാള്യം അയാളിൽ പ്രകടമായിരുന്നു.

ഇരുമ്പനത്തെത്തിയപ്പോൾ ജീവൻ ഇറങ്ങി. ഇടയ്ക്കു കാണാം എന്നുപറഞ്ഞ് അവൾക്കു നേരെ കൈ നീട്ടി. അപ്പോഴേക്കും ഗ്രീൻലൈറ്റ് തെളിഞ്ഞതിനാൽ നീട്ടിയ കൈ പിൻവലിച്ച് അവൾ കാർ മുമ്പോട്ടെക്കെടുത്തു. ഇടയ്ക്കെപ്പോഴോ റിയർവ്യൂ മിററിലൂടെ നോക്കിയപ്പോൾ അയാൾ റോഡ് കുറുകെ കടക്കാൻ ശ്രമിക്കുകയായിരുന്നു. ഹുഡ് മാറ്റിയപ്പോൾ തെളിഞ്ഞ മുടി വടിച്ചുകളഞ്ഞ തിളങ്ങുന്ന തലയിൽ പ്രഭാതസൂര്യന്റെ ഇളം രശ്മികൾ തട്ടി പ്രതിഫലിക്കുന്നുണ്ടായിരുന്നു. അന്നും പിറ്റേന്നും അവൾക്ക് സാധാരണ ദിവസങ്ങൾ തന്നെയായിരുന്നു. മൂന്നാംനാൾ ലുലുമാളിൽ വച്ച് ജീവനെ വീണ്ടും കണ്ടുമുട്ടുന്നതുവരെ.

ആർ.സി.സിയിലെ കുട്ടികൾക്കു വേണ്ടിയുള്ള ധനശേഖരണാർഥം സംഘടിപ്പിച്ച ചാരിറ്റി മ്യൂസിക് പ്രോഗ്രാമിൽ അയാൾ സ്വയം മറന്നു പാടുകയായിരുന്നു. ഇടയ്ക്കെപ്പോഴോ അവളെ കാണുകയും മനോഹരമായ ഒരു പുഞ്ചിരി സമ്മാനിക്കുകയും ചെയ്തു. ആ പുഞ്ചിരി അവളുടെ ആത്മാവിൽ മുട്ടിവിളിച്ച് മുൻജന്മങ്ങളിലേക്കു കൂട്ടിക്കൊണ്ടുപോയി. അതവളുടെ ഉറക്കം കെടുത്തി. അവളറിയാതെ അവളെ ഒരു പ്രണയിനിയാക്കി മാറ്റി...

കണ്ണെത്താദൂരത്തോളം കാപ്പിപ്പൂക്കൾ നക്ഷത്രങ്ങൾ പോലെ വിടർന്നുനിൽക്കുന്ന ആ തോട്ടത്തിനരികിലൂടെ ജീവന്റെ വിളിയും പ്രതീക്ഷിച്ച് അവൾ നടക്കാൻ തുടങ്ങിയിട്ടു നേരം കുറേയായിരുന്നു. കുട്ടികൾ അമ്പേ

ഷിച്ചു തുടങ്ങിയിട്ടുണ്ടാവും എന്ന് ആധിയോടെയും അനൂപ് വിളിക്കാറായി എന്ന് തെല്ലൊരു നൈരാശ്യത്തോടെയും അവൾ ഓർത്തു.

ഗൾഫിൽ ഒരു ഇൻഡോ-അമേരിക്കൻ കമ്പനിയുടെ മാനേജരാണ് അനൂപ്. വർഷത്തിലൊരിക്കൽ നാൽപ്പതു ദിവസം അവധി. താമസിക്കാൻ ഫ്ളാറ്റ്. നല്ല ശമ്പളം. കൂടാതെ മറ്റാനുകൂല്യങ്ങളും. പക്ഷേ, തന്റെ ജോലിയുടെയും കുട്ടികളുടെ പഠനത്തിന്റെയും സൗകര്യാർത്ഥം ശ്യാമ അയാൾക്കൊപ്പം പോയി ജീവിക്കാൻ തയ്യാറായില്ല. കുട്ടികൾ അയാളുടെ അച്ഛന്റെയും അമ്മയുടെയും കൂടെ നിന്നാണ് പഠിക്കുന്നത്. അവൾ ആഴ്ചാവസാനങ്ങളിൽ വീട്ടിൽ വന്ന് ഷോപ്പിങ്ങ്, കുട്ടികളുടെ ഹോംവർക്ക്, തേപ്പ് ഒക്കെയായി നിന്നുതിരിയാൻ സമയമില്ലാത്ത രീതിയിലുള്ള തിരക്കുകൾ കഴിഞ്ഞ് തിങ്കളാഴ്ച രാവിലെ തിരിച്ചുപോകും.

പക്ഷേ ജീവനെ കണ്ടതോടെ അവളുടെ ദിനചര്യകളെല്ലാം മാറിമറിഞ്ഞു. ഒന്നിലും ശ്രദ്ധയില്ലാതായി. കുട്ടികളുടെ കളിചിരികളും കൊഞ്ചലും പിടിവാശിയുമൊക്കെ പലപ്പോഴും അലോസരപ്പെടുത്തി. അച്ഛനോടുമമ്മയോടും സംസാരിക്കാതെയായി.

മനസ്സ്, ഓരോനിമിഷങ്ങളിലും അവനൊപ്പമുള്ള ഓർമ്മകൾ അയവിറക്കി. അടുത്ത ക്ഷണത്തിൽ അവയെ സുന്ദരസ്വപ്നങ്ങളായി രൂപാന്തരപ്പെടുത്തി യാഥാർഥ്യങ്ങളില്ലാത്ത ലോകത്തേക്കവളെ കൊണ്ടുപോയി. അരുതെന്നവളെത്ര വിലക്കിയിട്ടും ജീവിതം ഓരോ ദിവസവും ജീവനിലേക്കു മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു.

അയാളോടിഷ്ടം തോന്നിയ നിമിഷത്തെ പലതവണ അവൾ ശപിച്ചു കഴിഞ്ഞതാണ്. സമയചക്രം തിരിച്ച് ഒരിക്കൽ കൂടി ആ പ്രഭാതത്തിലെത്താനും വഴിയിൽ നിൽക്കുന്ന അയാളെ കണ്ട് കാർ നിർത്താതെ പോകാനും കഴിഞ്ഞിരുന്നെങ്കിലെന്ന് അവൾ ആത്മാർത്ഥമായി ആഗ്രഹിക്കാറുമുണ്ട്. പക്ഷേ എത്രമാത്രം മറക്കാനാഗ്രഹിക്കുന്നുവോ അതിന്റെ നൂറിരട്ടി തീക്ഷണതയോടെ അയാളുടെ ഓർമ്മകൾ വേരുകളാഴ്ത്തിക്കൊണ്ടിരുന്നു.

ജീവിതവഴികളിൽ ഒറ്റപ്പെട്ടുപോയ ജീവനാകട്ടെ, ശ്യാമ ജീവിതത്തിലേക്കുള്ള ഒരു പിടിവള്ളിയായിരുന്നു. അവളെ നേരിൽ കാണാനായി അയാൾ ഉണർന്നു. അവളെ സ്വപ്നം കാണാനായി ഉറങ്ങി. അവൾ ഭാര്യയും രണ്ടു കുഞ്ഞുങ്ങളുടെ അമ്മയുമാണെന്നതൊന്നും അയാളെ അലട്ടിയതേയില്ല. സ്നേഹിക്കപ്പെടുന്നിടത്തോളം, സ്നേഹിക്കാൻ ഒരാളുണ്ടായിരിക്കുന്നിടത്തോളം മറ്റൊന്നും അയാൾക്കു ബാധകമായിരുന്നില്ല.

ഏതു തിരക്കിനിടയിലും അവളെ വിളിക്കാൻ സമയം കണ്ടെത്തി. അവളുടെ സന്തോഷത്തിനു വേണ്ടി എന്ത് ത്യാഗം സഹിക്കാനും തയ്യാറായി. എങ്കിലും അവളുടെ കണ്ണുകളിൽ കാണുന്ന പ്രണയം വാക്കുകളിലോ പ്രവർത്തികളിലോ ഇല്ലെന്നത് അയാളെ വേദനിപ്പിച്ചുകൊണ്ടിരുന്നു. മൊബൈലിൽ ജീവന്റെ പേരു തെളിഞ്ഞപ്പോൾ ശ്യാമയുടെ മനസ്സും തെളിഞ്ഞു. പക്ഷേ കാത്തിരിക്കുകയായിരുന്നില്ല എന്നു കാണിക്കാനായി കുറേ ബെല്ലുകൾക്ക് ശേഷമാണ് ഫോൺ എടുത്തത്. തുടിക്കുന്ന ഹൃദയവും ഇടറിയ ശബ്ദവും അയാളറിയാതിരിക്കാൻ അവൾ പണിപ്പെട്ടു.

രണ്ടുനാളിലെ വിശേഷങ്ങൾ പറഞ്ഞു തീരുന്നതിനു മുമ്പുതന്നെ കോൾ വെയിറ്റിംഗിന്റെ ബീപ്, ബീപ് ശബ്ദം കേട്ട് ജീവന്റെ കോൾ കട്ട് ചെയ്ത് പരിഭ്രാന്തിയോടെ അവൾ അനൂപിന്റെ കോൾ എടുത്തു.

''ആരായിരുന്നു ഫോണിൽ?'' അനൂപ് ചോദിച്ചു.

''മെറീന, നാളത്തെ പ്രോജക്ടിന്റെ കാര്യം പറയാൻ വിളിച്ചതാ.'' അവൾ കള്ളം പറഞ്ഞു.

''വീഡിയോ ഓൺ ചെയ്യ്, കുട്ടികളേം അച്ഛനേം അമ്മേം ഒക്കെ കാണട്ടെ.'' അയാൾ തിരക്കു കൂട്ടി.

''അപ്പോൾ എന്നെ കാണണ്ടേ?'' അവൾ പരിഭവിച്ചു.

''നിന്നെ എന്നു വേണേലും കാണാല്ലോ... അവരെ കാണാൻ ഇന്നല്ലേ പറ്റൂ. ഇനി വരുമ്പോൾ അച്ഛനും വാട്ട്സ് ആപ്പ് എടുത്ത് വീഡിയോ കോൾ വിളിക്കാനൊക്കെ പഠിപ്പിക്കണം. അതെങ്ങനെ, നിനക്കതിനൊന്നും നേരമില്ലല്ലോ.''

അയാളുടെ സ്വരം മാറി എന്നു മനസ്സിലായ അവൾ വീഡിയോ ഓൺ ചെയ്തു. കട്ടികസവുള്ള മുണ്ടും നേര്യതുമുടുത്ത്, ഈറൻ മുടി കോതി കളിപ്പിന്നൽ കെട്ടി, കണ്ണിൽ മഷിയെഴുതി, ചുവന്ന പൊട്ടും ചന്ദനക്കുറിയും ചാർത്തി, പാലക്കാമാലയും കമ്മലുമിട്ട് കാപ്പിപ്പൂക്കളുടെ ഇടയിൽ നിൽക്കുന്ന അവളുടെ മനോഹരരൂപം സ്ക്രീനിൽ കണ്ട് അവൾക്കുതന്നെ അത്ഭുതം തോന്നി. 'ഇതാര് കാവിലെ ഭഗവതിയോ' എന്ന് അനൂപ് ചോദിച്ചിരുന്നെങ്കിലെന്ന് അവളാഗ്രഹിച്ചു. പക്ഷേ ''ഉത്സവത്തിനു പോകാൻ അവരൊക്കെ അവിടെ റെഡിയായി നിൽക്കുമ്പോൾ നീയെന്തിനാ പറമ്പിൽ കൂടി നടക്കുന്നത്?'' എന്ന് ശാസിക്കുകയാണ് അയാൾ ചെയ്തത്.

അനൂപ് അങ്ങനെയാണെന്നവൾക്കറിയാം. ഉള്ളിൽ ഒരുപാടു സ്നേഹമുണ്ടെങ്കിലും തരിമ്പും പുറത്തു കാണിക്കില്ല. പലരും ഭാര്യമാരെ പുകഴ്ത്തിപ്പറയുന്നതു കേട്ട് അവൾ അസൂയപ്പെട്ടിട്ടുണ്ട്. അനൂപിനോടു പലതവണ പരാതിപ്പെട്ടിട്ടുമുണ്ട്. പക്ഷേ ഭാര്യമാരെ പുകഴ്ത്തിപ്പറയുന്നത് പെൺകോന്തൻമാരാണെന്നാണ് അനൂപിന്റെ ഭാഷ്യം. ഒരിക്കലെങ്കിലും ഈ നാവിൽ നിന്ന് ഒരു നല്ല വാക്കു കേട്ടിട്ടു മരിച്ചാൽ മതി എന്ന് മിക്കവാറും അവൾ കളിയായി പറയാറുണ്ട്. അവൾ വേഗം ഫോൺ കൊണ്ടുപോയി അമ്മയ്ക്കു കൊടുത്തു. അമ്മ വിശേഷങ്ങളൊക്കെ പറഞ്ഞശേഷം അച്ഛനും പിന്നെ കുട്ടികൾക്കും. അവളുടെ മൗനം പകർന്നതുപോലെ കുട്ടികളും സംസാരം ഒന്നോ രണ്ടോ വാക്കുകളിലൊതുക്കി ടി.വി

യിലേക്കു ശ്രദ്ധതിരിച്ചു. എല്ലാവരെയും കണ്ടു സംസാരിച്ച് അനൂപ് ഫോൺ വച്ച ശേഷം അവൾ വീണ്ടും ആ കാപ്പിത്തോട്ടത്തിനരികിലേക്കു പോയി; ''ഇനിയും നീ എങ്ങോട്ടാ?'' എന്ന അമ്മായിയമ്മയുടെ മുഷിഞ്ഞ വാക്കുകളെ കേട്ടില്ലെന്നു നടിച്ചു. പടിഞ്ഞാറ് സൂര്യൻ പകുതിയോളം മറഞ്ഞു കഴിഞ്ഞിരുന്നു. ചെഞ്ചായം വാരിയണിഞ്ഞ മേഘങ്ങൾ ചക്രവാളത്തിനു ചാരുത കൂട്ടി ഭൂമിയിലേക്കു പ്രതിഫലിച്ചു. ആ അരുണിമ പകർന്ന കവിളുകളോടെ, നാണിച്ചു നിൽക്കുന്ന കാപ്പിപ്പൂകളുടെ പശ്ചാത്തലഭംഗിയിൽ ഒരു സെൽഫിയെടുത്ത് അവൾ പ്രൊഫൈൽ പിക്ചർ അപ്ഡേറ്റ് ചെയ്തു.

ഒരു മണിക്കൂറിനുള്ളിൽ 'ഇതാര് കാവിലെ ഭഗവതിയോ' എന്ന അടിക്കുറിപ്പോടെ ജീവന്റെ മെസേജ് വന്നു. ആ സന്തോഷത്തിൽ അവൾ യാഥാർഥ്യങ്ങളെ മറന്നുപോയി. പ്രണയാധിക്യത്താൽ വിങ്ങിപ്പൊട്ടുന്ന ഹൃദയത്തെ സ്വയമറിയാതെ ഒരു മറുപടിയിൽ വെളിപ്പെടുത്തി. പതിയെപ്പതിയെ അവൻ ദേവനും അവൾ ദേവിയുമായി മാറി.

2

'അടരുവാൻ വയ്യ നിൻ ഹൃദയത്തിൽ നിന്നെനിക്കേതു സ്വർഗ്ഗം വിളിച്ചാലും' അവധിക്കു വന്ന അനൂപിന്റെ നെഞ്ചോടൊട്ടിക്കിടന്ന് ശ്യാമ ആ വരികളോർത്തു തേങ്ങിക്കരഞ്ഞു. അയാളുടെ നീട്ടിവച്ച ഇടംകൈ കണ്ണുനീർ വീണു നനഞ്ഞുകുതിർന്നു. അതൊന്നുമറിയാതെ ഭാര്യയിൽ സന്തുഷ്ടനായി, സമാധാനത്തോടെ ഉറങ്ങുകയായിരുന്നു അയാൾ.

പിന്നീടുള്ള ദിവസങ്ങളിൽ അവൾ ഉരുകുകയായിരുന്നു. അനൂപിനെയാണോ ജീവനെയാണോ കൂടുതൽ സ്നേഹിക്കുന്നതെന്നറിയാതെ അവൾ ഉഴറി. മനസ്സ് ജീവനിലേക്കു ചാഞ്ഞപ്പോൾ ഹൃദയം അനൂപിനായി വാദിച്ചു. ഒരുത്തരത്തിനായി കൊച്ചുകുട്ടികളെപ്പോലെ പലതവണ ടോസിട്ടു. ജീവന്റെ പേരു വീണപ്പോൾ അനൂപിന്റെ പേരിനായി വീണ്ടും വീണ്ടും ശ്രമിച്ചു. അനൂപിന്റെ പേരു വീണപ്പോൾ എന്തെന്നില്ലാതെ ആശ്വസിച്ചു.

അനൂപിനോടവൾക്ക് സ്നേഹവും ബഹുമാനവും ഇഷ്ടവും പ്രണയവും വാത്സല്യവുമെല്ലാം ഉണ്ടായിരുന്നു. ജീവനോടുള്ളത് വെറും പ്രണയം മാത്രം. പക്ഷേ ആ പ്രണയത്തിന്റെ തട്ട് അനൂപിനോടുള്ളതിന്റെയെല്ലാം ആകെത്തുകയുടെ ഒരുപാടു മുകളിലായിരുന്നു. അതവളെ നിരന്തരം വിഷമിപ്പിച്ചു. ഒറ്റപ്പെടുത്തി. ജീവനെ മറക്കാൻ അവൾ ശ്രമിച്ചു. പക്ഷേ മറക്കാൻ സാധിക്കാത്തവിധം അവളുടെ ആത്മാവിൽ അയാൾ ലയിച്ചു ചേർന്നിരുന്നു. കാണുമ്പോഴൊക്കെ ഒരു മുജ്ജന്മ ബന്ധത്തിന്റെ തരംഗങ്ങൾ അയാളിൽ നിന്ന് അവളിലേക്കു പ്രവഹിച്ചു. ആ തരംഗങ്ങളുടെ ഫ്രീക്വൻസി ഏതു ജനക്കൂട്ടത്തിനിടയ്ക്കും അവൾക്കുമാത്രം ക്യാപ്ചർ ചെയ്യാവുന്നതായിരുന്നു. കഴിഞ്ഞ ജന്മങ്ങളിൽ അയാൾ അവളുടേതായിരുന്നു.

തനിക്കു ജീവനോടുള്ള ഭ്രമത്തെപ്പറ്റി, നിർവചിക്കാനാവാത്ത പ്രണയത്തെപ്പറ്റി അവൾ മെറീനയോടു സംസാരിക്കാൻ ശ്രമിച്ചു. പക്ഷേ പറഞ്ഞു തുടങ്ങിയപ്പോൾ തന്നെ നിനക്ക് നിംഫോമാനിയ ആണെന്നാണു തോന്നുന്നത് എന്നുപറഞ്ഞ് കളിയാക്കി. അതു വെറും കാമമല്ലെന്നും അസ്ഥിയെപ്പോലും കാർന്നുതിന്നുന്ന പ്രണയമാണെന്നും പറഞ്ഞു മനസ്സിലാക്കാനാവാതെ അവൾ വിഷമിച്ചു. എല്ലാം മറക്കണമെന്നും അനൂപിതറിഞ്ഞാൽ അവളെ ഉപേക്ഷിച്ച് കുട്ടികളെ സ്വന്തമാക്കുമെന്നും നാട്ടുകാരറിഞ്ഞാൽ നാണക്കേടുമൂലം ആത്മഹത്യയേ വഴിയുള്ളൂ എന്നും മെറീന ഉപദേശിച്ചു. ശ്യാമക്ക് ഭ്രാന്തു പിടിക്കുന്നതു പോലെ തോന്നി.

അനൂപ് തിരിച്ചുപോയിക്കഴിഞ്ഞുള്ള ഒരു വെള്ളിയാഴ്ച വൈകിട്ട് നാട്ടിലേക്കുള്ള യാത്രയിൽ അവൾ ജീവനെയും കൂട്ടി. നാടുകാണിമല അടുത്തപ്പോൾ മലയുടെ മുകളിലൂടെ കുറച്ചുസമയം നടന്നാലോ എന്ന അവളുടെ ആഗ്രഹംകേട്ട് അയാൾ സന്തോഷിച്ചു. മലമുകളിലെ തണുത്ത കാറ്റും പ്രകൃതിരമണീയമായ പുൽമേടുകളും രഹസ്യങ്ങളുറങ്ങുന്ന താഴ്വരകളുമൊക്കെ അവളുടെ വിഷാദഭാവം മാറ്റി പ്രണയം നിറച്ച് തിരിച്ചുതരുമെന്ന് ആശ്വസിച്ചു.

ആ മലഞ്ചെരിവിലൂടെ അവർ കൈകൾ കോർത്തുനടന്നു. തണുത്ത കാറ്റ് വീശിയടിച്ചപ്പോൾ ചുരിദാറിന്റെ ഷാൾ കൊണ്ട് അയാളെക്കൂടി പുതപ്പിച്ചു. ആ നടപ്പിൽ അയാൾ തന്റേതു മാത്രമെന്ന ബോധ്യം അവൾക്കുണ്ടായി. അയാളെ നഷ്ടപ്പെടാതിരിക്കാൻ എന്തും ചെയ്യാൻ അവൾ തയ്യാറായി. അത്രമാത്രം അവളയാളെ സ്നേഹിച്ചിരുന്നു.

ഒരു പൂച്ചക്കുഞ്ഞിനെപ്പോലെ അവൾ അയാളെ മുട്ടിയുരുമ്മി. ജന്മാന്തരങ്ങൾക്കപ്പുറത്തുനിന്ന് ഓർമ്മകൾ വിരുന്നുവന്ന് ആത്മാവിൽ നിറഞ്ഞ് ശരീരങ്ങളെ ഉണർത്തി. യുഗായുഗങ്ങളോളം കാത്തിരുന്നവരെപ്പോലെ അവർ പുണർന്നു. വള്ളികൾ പോലെ പരസ്പരം പടർന്ന് ഒരായിരം വസന്തങ്ങൾ വിരിയിച്ചു. ഒടുവിൽ കൊടുങ്കാറ്റായി വീശി തളർന്നു വീണു. എന്നിട്ടും മതിവരാതെ അയാളെ പൂർണ്ണമായും സ്വന്തമാക്കാനായി കയ്യിൽ കരുതിയിരുന്ന വിഷം വിയർപ്പുപൊടിഞ്ഞ കഴുത്തിൽ കുത്തിയിറക്കി.

അപ്പോൾ അവളുടെ കൈതട്ടി അടുത്തുള്ള കുറ്റിച്ചെടിയിലെ ചിലന്തിവലയിൽ നിന്നും പ്രണയിനിയാൽ പ്രാണൻ വലിച്ചെടുക്കപ്പെട്ട ഒരു ആൺചിലന്തി നിലത്തു വീണു പിടഞ്ഞു. നിസ്സംഗമായ മുഖത്തോടെ അവൾ അതിനെ കാലുകൊണ്ടു തട്ടി താഴേക്കെറിഞ്ഞു.

കയ്യിൽ പറ്റിയ വലയെ ഷാൾ കൊണ്ടു തുടച്ച് അവൾ മലയിറങ്ങി ഓടി. വംശം നിലനിർത്താൻ കുതിച്ചുപായുന്ന ജീവന്റെ ജീവകണങ്ങളെയും പേറി. അനൂപിന്റേതു മാത്രമാകാൻ...

ജോജി പോൾ

അകമലരി

നല്ല രീതിയിൽ എഴുതിക്കൊണ്ടിരുന്നതാണ്. പുതിയ ഓൺലൈൻ എഴുത്തുകാരുടെയൊപ്പം എത്താൻ വേണ്ടി ന്യൂജെൻ കഥകളെഴുതി തുടങ്ങിയപ്പോഴാണ് കുഴപ്പമായത്. അതാണിപ്പോൾ പത്രാധിപർ കഥകളൊക്കെ തിരിച്ചയച്ചതും.

''നിങ്ങളെന്തെങ്കിലും നൊസ്റ്റാൾജിക് കഥകളെഴുതൂ മാഷേ. നൊസ്റ്റാൾജിക് കഥകൾ വായിക്കാൻ ഇന്നും ആൾക്കാരുണ്ട്.''

പേനയും കടലാസുമെടുത്ത് എഴുതാനിരുന്നപ്പോൾ കഥാകൃത്തിന്റെ മനസ്സ്, കാലങ്ങൾക്ക് പിറകിലേക്ക് ഓടിക്കൊണ്ടിരുന്നു. നൊസ്റ്റാൾജിക്കായിട്ട് എന്തെഴുതണമെന്ന് ഒരെത്തും പിടിയും കിട്ടുന്നില്ല.

ജീവിതത്തിൽ കണ്ടുമുട്ടിയ ആളുകളും, അനുഭവിച്ച തീക്ഷ്ണമായ വ്യഥകളും, മോഹങ്ങളും മോഹഭംഗങ്ങളുമൊക്കെ മനസ്സിലേക്കോടിക്കയറി വന്നെങ്കിലും അതിലൊന്നും കഥകൾ കണ്ടില്ല. ഓർമ്മകളിലൂടെ തപ്പിത്തടഞ്ഞ് നടക്കുമ്പോഴാണ് കാലിയായ മീൻ കാവും ചുമന്ന് ജോനോൻ പടിഞ്ഞാട്ട് നടക്കണ കണ്ടത്.

പടിഞ്ഞാറൻ ചക്രവാളത്തിൽ ചെഞ്ചായം കോരിയൊഴിച്ച്, പകലത്തെ പണിയൊക്കെ നിർത്തി, പകലോൻ കുളിക്കാനിറങ്ങുമ്പോഴാണ് ജോനോന്റെ മടക്കം.

കുന്നുംപുറത്തെ കള്ളുഷാപ്പിലിരുന്ന് കുടിച്ച് കൂത്താടിയ കരുവാൻ കുന്നിറങ്ങി കുടിയിലേക്ക് പോണതും ഏതാണ്ടിതേ നേരത്താണ്. രണ്ടുപേരും എന്നുമിതേ നേരത്ത് കണ്ടുമുട്ടുമെങ്കിലും കരുവാന്റെ പൂരപ്പാട്ട് കേക്കാണ്ടിരിക്കാൻ വേണ്ടി ജോനോൻ കാലും നീട്ടിവെച്ചു കുന്നുകേറി മറയും.

ഉടുമുണ്ടൂരി തലയിൽ കെട്ടി, ലാവെളിച്ചം പരക്കുമ്പോ

ഴേക്കും കരുവാൻ, വേച്ച് വേച്ച് കുടിയിലെത്താറായിക്കാണും. പാടിക്കൊണ്ടിരുന്ന പാട്ടിന്റെ ഒച്ചയൊന്ന് കൊറയ്ക്കണത് നാല് പടിയുള്ള ആ വീടിന്റെ മുമ്പിലെത്തുമ്പോഴാണ്.

എറയത്ത് കത്തിക്കൊണ്ടിരിക്കണ ചിമ്മിണി വെളക്കിലേക്ക് കുറച്ചുനേരം നോക്കിനിന്നിട്ട് കരുവാൻ, ഒറക്കെ വിളിച്ചു ചോദിക്കും.

''ക്ടാങ്ങളൊക്കെ ഒറങ്ങ്യാ?''

മൂത്ത ക്ടാവ് വന്ന് ചിമ്മിണി വെളക്കുയർത്തി ഇരുട്ടിലേക്ക് നോക്കി വിളിച്ചു പറഞ്ഞു.

''ഇല്ല കരുവാനെ, അമ്മയ്ക്ക് വേദന തൊടങ്ങ്യേക്കാ. വയറ്റാട്ടി വരണതും നോക്കി ഇരിക്ക്യാ ഞങ്ങള്.''

കരുവാൻ കേട്ടോ എന്തോ. കരുവാനൊരിക്കലും, ആരുടെയും മറുപടിക്ക് വേണ്ടി കാത്തുനിൽക്കാറില്ല. കുടിയിലെത്തീട്ട്, കൊറച്ച് കഞ്ഞി കോരിക്കുടിച്ച്, ഒന്നും രണ്ടും പറഞ്ഞ് കരുവാത്തിക്കിട്ടൊരു തൊഴിയും കൊടുത്തു, കോലായിലെങ്ങാനും ചുരുണ്ടുകൂടി കെടക്കാൻ, കരുവാൻ വെക്കപ്പെട്ട് കെഴക്കോട്ട് നടന്നു.

വയറ്റാട്ടീനെ വിളിക്കാൻ പോയ ചെക്കനെക്കാണാണ്ട് അമ്മയ്ക്ക് വേവലാതിയായി. വേദന കൂടിക്കൂടി വന്നോണ്ടിരിക്കാണ്. ഇരുട്ടായീട്ടും ചെക്കനേം വയറ്റാട്ടീനേം കാണാനില്ലല്ലോ.

നാടുമുഴുക്കൻ അകമലരിയുടെ വിത്ത് വെതറിയിരിക്കണ കാലമാണ്. വയറ്റാട്ട്യെന്നെ വരോന്നറിയാമ്പാടില്ല. അയൽപക്കത്തുള്ളോർക്ക് പോലും വന്നുനോക്കാൻ പേട്യാണ്. ഒരു വറുതി കഴിഞ്ഞ്യേന്റെ പിന്നാലെയാണ് നാടുമുഴുവൻ വസൂരിയുടെ പൊറുതി തുടങ്ങിയത്.

ജാതിയും മതവും നോക്കാണ്ട്, സകലരും സെബസ്ത്യാനോസ് പുണ്യാളന്റെ അമ്പ് വീട്ടീ കൊണ്ടുവന്നു പ്രാർത്ഥിച്ചിട്ടും കാര്യംണ്ടായില്ല. മാരിയമ്മൻ കോവിലില് കനലാട്ടം നടത്തീട്ടും വസൂരിക്ക് ഒരു കൊറവുമില്ല.

കൊടുങ്ങല്ലൂര് ഭരണിക്ക് ഒറഞ്ഞുതുള്ളിയതും താഴേക്കാട് മുത്തപ്പന് നേർച്ചനേർന്നതും ശിതലാദേവിക്ക് കാണിക്ക വെച്ചതും വെറുതെയായി.

വസൂരി വന്നാ, ചത്തോരെയും ചാവാത്തോരേം പനമ്പായേക്കെട്ടി മങ്ങാടിക്കുന്നിന്റെ മോളീ കൊണ്ടോയി പണ്ടാരമടക്കും. വസൂരി മാറി പണ്ടാരക്കെട്ടഴിച്ച് മങ്ങാടിക്കുന്നിറങ്ങി വന്നോരുമുണ്ട്. ചെലപ്പോ, അവര്ടെ ഒരു കണ്ണ് പോയിട്ടുണ്ടാവും. ചെലപ്പോ, മുഖത്തപ്പടി പേടിപ്പിക്കണ മാതിരി കുണ്ടും കുഴീം ആയിട്ടുണ്ടാവും.

അമ്മ പെൺമക്കളെ നാലെണ്ണത്തിനേം മാറിമാറി നോക്കി. പേറ്റുനോവ് തൊടങ്ങ്യ കാരണം അത്ങ്ങൾക്കിച്ചിരി ചോറു വെച്ച് കൊടുക്കാൻ പറ്റിയിട്ടില്ല. കലത്തീ കെടക്കണ കഞ്ഞി കോരിക്കുടിച്ച് പായക്ക് ചുറ്റും വന്നിരു

ന്ന്, ഉണ്ണി എപ്പഴാ ഇണ്ടാവാന്നറിയാൻ ക്ടാങ്ങള് കൊറേ നേരായി കാത്തിരിക്കാണ്.

മൂത്ത പെണ്ണ് പോയി ചെമ്പ് കലത്തില് വെള്ളമൊഴിച്ച്, അടുപ്പും കല്ലിൽ കയറ്റി വെച്ചു. എന്നിട്ടോലക്കൊടി കത്തിച്ച് വെള്ളം ചൂടാക്കാൻ തുടങ്ങി. പേറ്റുനോവ് തൊടങ്ങണേൽക്കും മുപ്പാട്, ചെയ്യേണ്ട കാര്യങ്ങളൊക്കെ അമ്മ അവളോട് പറഞ്ഞുവെച്ചിട്ടുണ്ട്. ചെറുവക്ക ചൂടുവെള്ളത്തിൽ തുണി മുക്കിപ്പിഴിഞ്ഞ് ഉണ്ണീടെ മേല് മുഴുവനും തൊടക്കണെന്ന് അവൾക്കറിയാം.

രണ്ടാമത്തെ പെണ്ണ് പായളിയിൽ പിടിച്ചു വലിച്ചു കളിച്ചോണ്ടിരക്കായിരുന്നു. വയറ്റാട്ടിക്ക് കൊടുക്കാനുള്ള പത്തുറുപ്പിക, ചുരുട്ടി അവൾ കയ്യിൽ പിടിച്ചിട്ടുണ്ടായിരുന്നു.

വടക്കേപ്പാട്ടുള്ള ടീച്ചറമ്മേടെ വീട്ടീ പോയി, പത്തുറുപ്പിക കടം തരോന്ന് ചോദിക്കാനമ്മ പറഞ്ഞപ്പോ, അവളാദ്യം പറ്റില്ലാന്ന് പറഞ്ഞ് തലയാട്ടിയതാണ്. പിന്നെ അമ്മേടെ കെടപ്പും നെലോളിയും കണ്ടപ്പോ, അവളോടിപ്പോയി. ടീച്ചറമ്മേടെ വേലിക്കപ്പോയി നിന്ന് വിളിച്ചു ചോദിച്ചെങ്കിലും, ടീച്ചറമ്മേടെ കയ്യില് കാശില്ലാന്ന് പറഞ്ഞുവിട്ടു.

കാശുണ്ടായിരുന്നെങ്കിലും വസൂരിയെ പേടിച്ചിട്ടാണ് ടീച്ചറ് മിറ്റത്തോട്ട് കയറ്റാണ്ടിരുന്നത്. ഇനിപ്പോ എന്താ ചെയ്യാന്നാലോചിച്ചു തിരിച്ചു നടക്കുമ്പഴാണ് വരുത്തൻ മുതലാളീടെ കൊച്ചമ്മ പൂന്തോട്ടം നനയ്ക്കണത് കണ്ടത്. കൊറച്ചുനേരം ഗേറ്റ്മ്മെ പിടിച്ച്, പൂക്കളെ നോക്കിനിന്നത് കൊച്ചമ്മ കണ്ടു.

''നീയേതാ, എന്നതാ ഇങ്ങനെ നോക്കിനിൽക്കണേന്ന്'' ചോദിച്ചപ്പോൾ, പെണ്ണ് കാര്യമൊക്കെ കൊച്ചമ്മയോട് പറഞ്ഞു. കൊച്ചമ്മ വേഗം അകത്ത് പോയി പത്തുറുപ്പികയെടുത്ത് കൊടുത്തു. എന്നിട്ട് ഇരട്ടാവണേലും മുമ്പ് വീട്ടിൽ പോകാൻ പറഞ്ഞു.

വടക്കേപ്പാട്ട്ന്ന് തിരിച്ചുനടക്കാൻ റോഡ് മുറിച്ചു കടന്നാൽ, ഇടതുഭാഗത്തായി ആദ്യം കാണുന്നത് പരന്നു കെടക്കണ കുന്നുംപുറത്തെ മൈതാനമാണ്. ആളൊഴിഞ്ഞ മൈതാനത്ത് ഇരുട്ട് വീണിട്ടില്ലെങ്കിലും ഒറ്റയ്ക്ക് നടക്കാൻ പെണ്ണിന് ലേശം പേടീണ്ടാർന്നു.

മൈതാനത്തിന്റെ ഒരറ്റത്ത് കുടിലുകെട്ടി പാർക്കണെണ്ടായ കോരന് വസൂരി പിടിച്ചപ്പോ, ചാക്കില് കെട്ടിയാണ് വലിവണ്ടീല് കേറ്റി മങ്ങാടിക്കുന്നിലേക്ക് കൊണ്ടോയത്. വസൂരി വന്നിട്ടും ചാവാണ്ടിരുന്ന കോരനാണിപ്പോ, മങ്ങാടിക്കുന്നിന്റെ മോളിൽത്തെ പണ്ടാരപ്പൊരേടെ കാവലാള്. പിന്നെ കൂട്ടിന് കൊറെ കുറുക്കന്മാരും.

കാവലാൾക്ക് മുനിസിപ്പാലിറ്റീന്ന് കൊറേ റാക്കും കരിക്കും കൊടുത്തോണ്ടിരുന്നു. റാക്ക് കാവലാൾക്ക് കുടിക്കാനും, ദീനം വന്നിട്ട് ചാവാത്തോർടെ കാലിലൊഴിക്കാൻ കരിക്കിൻ വെള്ളവും. കരിക്ക് വെട്ടി വെള്ളം കാലിൽ വീഴ്ത്ത്യാ, വസൂരി വന്ന ആള് വേഗം ചത്തോളത്രെ. കാവലാൾടെ വീട്ടില് ആരെങ്കിലും ജീവിച്ചിരിപ്പുണ്ടങ്ങെ, അരീം, ചില്ലാനോം മുൻസിപ്പാലിറ്റീന്ന് കൊണ്ടോയൊടുക്കും.

ഒറ്റക്കണ്ണുള്ള കോരൻ മൈതാനത്തിന്റെ നടുക്ക് നിക്കണത് പെണ്ണ് ഇടയ്ക്കിടെ സ്വപ്നം കാണാറുള്ളതാണ്. അതോണ്ട് പേടിച്ചുവിറച്ച് മൈതാനം കഴിയണവരെ, പാതി കണ്ണടച്ചോണ്ട് ഒരോട്ടം വെച്ചു കൊടുത്തു. വീട്ടിൽ വന്ന് കേറീട്ടേ ശ്വാസം നേരെ വീണുള്ളു.

ഒരിറക്ക് ചൂടുള്ള കഞ്ഞി വെള്ളം കുടിക്കാൻ അമ്മയ്ക്ക് കൊതി തോന്നി. തൊണ്ട വറ്റിവരണ്ടു തൊടങ്ങി. കലത്തിലിനി കഞ്ഞി ബാക്കീണ്ടാവില്ലെങ്കിലോന്ന് വിചാരിച്ചിട്ട് മൂത്ത മോളോടിത്തിരി കാപ്പീണ്ടാക്കി തരോന്ന് ചോദിച്ചു.

വെളക്കിന്റടുത്ത് കൂനിക്കൂടിയിരുന്ന് ഇൻലന്റിൽ അച്ഛനൊരു കത്തെഴുതിക്കൊണ്ടിരിക്കായിരുന്നവൾ.

'എത്രയും പ്രിയപ്പെട്ട അച്ഛൻ വായിച്ചറിയാൻ,

അമ്മയ്ക്ക് വേദന തൊടങ്ങി. ഉണ്ണി ഉണ്ടാവാറായിട്ടുണ്ടെന്നാണ് അമ്മ പറയണത്. ചേട്ടൻ വയറ്റാട്ടീനെ വിളിക്കാൻ പോയിട്ട് ഇപ്പഴും വന്നിട്ടില്ല. നേരം കരിപ്പായി തൊടങ്ങി.

നമ്മടെ തെക്കേലും വസൂരി പൊന്തീട്ട്ണ്ടന്നാ പറഞ്ഞ് കേക്കണെ. അതോണ്ട് ആരും ഒരു സഹായത്തിന് വരോന്നറിയില്ല. കെഴക്കേലെ കൊച്ചന്നമ്മാമ വന്ന് നോക്കീട്ട് പോയി. ലക്ഷണം കണ്ടിട്ട്, രാത്രിക്ക് മുമ്പ് അമ്മ പെറുംന്ന് പറഞ്ഞിട്ടാ പോയെ.

വടക്കേലെ പാറുമ്മായീടെ പേരേല് വെട്ടം കാണണ്ണ്ണ്ട്. പാറുമ്മായി തനിച്ചായോണ്ട് എന്നും രാത്രീല് നമ്മടോടെ കെടക്കാൻ വരാറുണ്ടാർന്നതാ. വസൂരി തൊടങ്ങ്യേപ്പിന്നെ ഇങ്കട് വരാറില്ല.

അച്ഛൻ വെഷമിക്കണ്ട. അമ്മേനേം ഉണ്ണീനേം ഞങ്ങള് നോക്കിക്കോളാം. അമ്മക്കിപ്പോ കാപ്പി വേണന്ന് പറയണ്ട്. ഇണ്ടാക്കി കൊടുത്തിട്ട് വേഗം വരാം.'

മൂത്തവള് കാപ്പിയുണ്ടാക്കാൻ പോയ നേരം നോക്കി മൂന്നാമത്തെ കുാവ് വിളക്കിനടുത്തേക്ക് വന്ന്, ഇൻലന്റിൽ ചേച്ചി എഴുതിവച്ചിരിക്കുന്നത് വായിക്കാൻ നോക്കി. അവളും പേനയെടുത്ത് അച്ഛനെന്തെങ്കിലും എഴുതിയാലോന്ന് വിചാരിച്ചതാ. ചേച്ചീടെ നുള്ള് പേടിച്ച് വേണ്ടാന്ന് വെച്ചു.

അപ്പോഴാണ് വെല്ല്യ ചെറകുള്ള ഉറുമ്പുകൾ വെളക്കിനടുത്തേക്ക് പറന്നു വരാൻ തൊടങ്ങിയത്. അവളതിനെ ഓരോന്നായിപ്പിടിച്ച്, വെളക്കിന്റെ ചില്ലുകൂട്ടിനുള്ളിലേക്കിട്ടു. നരകത്തിലെ തീയിൽ വീണപോലെ അവയോരോന്നും വെന്ത് കരിക്കട്ടയായി.

പെട്ടെന്നവൾക്ക് വടക്കേല് ഒറ്റയ്ക്ക് താമസിക്കണ പാറുമ്മായീനെ ഓർമ്മ വന്നു. അമ്മായി എത്ര കാലായിട്ടാ ഒറ്റയ്ക്ക് താമസിക്കണെ. അമ്മായിക്ക് പേടിയാവൂല്ലേന്നോർത്തിട്ടവൾ എഴുന്നേറ്റുപോയി ജനലിലൂടെ വടക്കേൽക്ക് നോക്കി.

അപ്പോഴേക്കും പാറുമ്മായീടെ വീട് ഇരുട്ടിലാണ്ട് പോയിരുന്നു. അമ്മായീടെ പറമ്പിന്റെ മൂലേല് കട്ടപിടിച്ച് നിന്നിരുന്ന മുളങ്കൂട്ടങ്ങൾ ഇരുട്ടിൽ പതുക്കെ ആടുന്നതവൾ കണ്ടു. മുളങ്കാടുകൾക്കപ്പുറത്തൂടെ ഒരു വെളിച്ചം പതുക്കെ നീങ്ങുന്നതായവൾക്ക് തോന്നി. ഇടയ്ക്കിടെ മാത്രം ആ പ്രകാശം മിന്നിക്കൊണ്ടിരുന്നു. മുളകൾ കൂട്ടിയിടിക്കുന്ന സ്വരം ഒരു മണിയടിപോലെ അവൾക്ക് തോന്നി.

രാത്രി കിടക്കാൻ വരുമ്പോൾ പാറുമ്മായി പറയാറുള്ള കഥകളാണ് അവളുടെ മനസ്സിലേക്കോടി വന്നത്. പുഴക്കരെ കുടിയിരിക്കണ തേവരെക്കാണാൻ, പാറുമ്മായീടെ പറമ്പിലൂടെ രാത്രികാലങ്ങളിൽ ശിതലാദേവി കടന്നു പോകാറുണ്ടത്രേ.

കൂട്ടത്തിൽ രണ്ട് സഖിമാരും കാണും. ഒരാൾ വിളക്ക് പിടിക്കാനും മറ്റൊരാൾ പതിഞ്ഞ സ്വരത്തിൽ മണിയടിക്കാനുമാണ് കൂടെ പോകുന്നത്. മണിയടി കേൾക്കുമ്പോൾ ആരെങ്കിലും പുറത്തിറങ്ങിയാൽ ദേവീകോപമുണ്ടാകും. ദേവിയുടെ വഴിയാരോ തടഞ്ഞതുകൊണ്ടാണ് നാട്ടിലെങ്ങും വസൂരി വന്നേന്നും അമ്മായി പറഞ്ഞതാ.

അവൾ പേടിച്ച് വേഗം അമ്മയുടെ അടുത്ത് വന്നിരുന്നു. വേദനക്കിടയിലും അമ്മ, നാലാമത്തെ മോൾടെ തലയിൽ തലോടിക്കൊണ്ടിരുന്നു. അവൾ ഇടക്കിടെ വയറ്റിൽ തൊട്ടുനോക്കീട്ട് അമ്മോട് ചോദിച്ചു.

''അമ്മേ, അമ്മേടെ വയറ്റില് ആണുണ്ണിയാണോ, പെണ്ണുണ്ണിയാണൊ?''

നിസ്സഹായാവസ്ഥയിലും വേദന കടിച്ചമർത്തി അമ്മ അറിയില്ല്യാന്ന് ആംഗ്യംകാണിച്ചു. അപ്പോഴേക്കും വയറ്റാട്ടിയും കൊണ്ടുവരാൻ പോയ ചെക്കനും ടോർച്ച് മിന്നിച്ച് കൊണ്ട് പടികൾ കയറി വന്നു.

വയറ്റാട്ടി വരണ കണ്ടപ്പോൾ ഇരിക്കപ്പൊറുതിയില്ലാണ്ട് കെഴക്കേന്ന് കൊച്ചന്നമ്മാമയും കേറിവന്നു. കൂട്ടത്തിൽ പുഴുങ്ങിയ കൊറച്ച് കാച്ചിലും കൊണ്ടുവന്നിട്ടുണ്ടായിരുന്നു. കാച്ചില് കണ്ടപ്പോ, പിള്ളേരെല്ലാം കൊച്ചന്നമ്മാമയുടെ പിന്നാലെ പോയി.

അമ്മ കെടന്നിടത്ത് വയറ്റാട്ടി വെള്ളത്തുണികൊണ്ടൊരു മറ കെട്ടി. ചൂടുവെള്ളവും എടുത്തോണ്ടവർ മറക്കകത്തോട്ടു കയറിയതിനു പിന്നാലെ, കൊച്ചിന്റെ കരച്ചിലും കേൾക്കാൻ തുടങ്ങി. കാച്ചില് തീറ്റ നിർത്തി പിള്ളേരൊക്കെ മറക്ക് ചുറ്റും കൂടി.

ഇതേസമയം വടക്കേലെ പാറുമ്മായീടെ പെരേന്ന് ഒരു വെളിച്ചം പതുക്കെ നീങ്ങിക്കൊണ്ടിരുന്നു. അത് വന്നുവന്ന് അടുക്കള വാതിലിൽ മുട്ടാൻ തുടങ്ങിയപ്പോൾ ചെറുക്കൻ പോയി വാതിൽ തൊറന്നു. ഒരു പാത്രം ആവി പറക്കണ കുത്തരിച്ചോറും സാമ്പാറുമായിട്ട് പാറുമ്മായി ഉണ്ണീനെ കാണാൻ വന്നു. വസൂരീടെ ഭയാനകത നാടുമുഴുവൻ നടക്കുന്നുണ്ടെങ്കിലും കൊച്ചന്നമ്മാമക്കും പാറുമ്മായിക്കും കുഞ്ഞിനെ കാണാണ്ടിരിക്കാനും കെടക്കാനും പറ്റണ്ണ്ടായില്ല.

മൂത്ത മോള് വേഗം ഇൻലന്റിൽ ബാക്കിയുള്ള വിശേഷങ്ങൾ എഴുതാൻ തുടങ്ങി.

'അച്ഛാ, ആണുണ്ണിയാണ്. നല്ല തങ്കക്കൊടം പോലത്തെ ഉണ്ണി. ഉണ്ണിക്ക് പേരെന്തുട്ടാ ഇടണ്ടേന്ന് വെച്ചാ അച്ഛൻ മറുപടി എഴുതണട്ടാ.

അധികം ദീർഘിപ്പിക്കണില്ല. കത്ത് ചുരുക്കുന്നു.'

തുപ്പലം വെച്ച് ഇൻലന്റൊട്ടിച്ച് കഴിഞ്ഞപ്പോഴേക്കും മൂത്ത മോളുടെ മുഖത്ത് രണ്ടുമൂന്ന് പോളങ്ങൾ പൊന്തീട്ടുണ്ടായിരുന്നു. ഉണ്ണീണ്ടായ സന്തോഷത്തില് ആരും, എന്തിന് അവൾ പോലും അതറിഞ്ഞില്ല.

തന്റെ ജനനത്തോളം എഴുതിക്കഴിഞ്ഞപ്പോൾ എഴുത്തു നിർത്തി ഒന്ന് വായിച്ചു നോക്കാമെന്ന് കഥാകൃത്ത് വിചാരിച്ചു. അല്ലെങ്കിൽ വേണ്ട പത്രാധിപർക്കയച്ചുകൊടുക്കാം. അങ്ങേരാദ്യം വായിക്കട്ടെ. എഴുതിയിടത്തോളം പേപ്പറുകളെല്ലാം മടക്കി ഒരു കവറിലാക്കി കഥാകൃത്ത് തന്റെ കഥ പത്രാധിപർക്കയച്ചു കൊടുത്തു.

ഫെമി മാത്യു

ഡെയ്സി

അന്നും അവളുടെ ജീവിതത്തിലെ ഒരു സാധാരണ ദിവസം തന്നെ ആയിരുന്നു. പതിവുപോലെ വീടിനു മുന്നിലെ കൊച്ചു ജംഗ്ഷനിൽ നീലയും ഓറഞ്ചും കലർന്ന നിറമുള്ള പതിവ് ബസ് അവളെ കാത്തുകിടന്നു. എന്നത്തേയും പോലെ അതിൽ കയറി അവൾ ചുറ്റും നോക്കി. ബസ്സിനുള്ളിൽ അവിടവിടായി ഒന്നുരണ്ടു പ്രായംചെന്ന ആളുകൾ തങ്ങളുടെ കൈകളിലെ വലിയ പ്രതക്കടലാസുകളിലേക്കു മുഖം തിരിച്ച് ഇരിപ്പുണ്ടായിരുന്നു. പുറത്തു പെയ്തുകൊണ്ടിരുന്ന മഞ്ഞിനെ വകവയ്ക്കാതെ തണുപ്പിനെ കീറിമുറിച്ചു ബസ് നീങ്ങിത്തുടങ്ങുമ്പോൾ അതിന്റെ ഗ്ലാസിട്ട ജനാലയിൽ തലചായ്ച്ചു അവൾ പുറത്തേക്കു നോക്കി. ആ നഗരം മെല്ലെ ഉണരുന്നതേയുണ്ടായിരുന്നുള്ളു. ഏകദേശം പതിനൊന്നു മാസങ്ങൾക്കു മുമ്പ് അവിടെ എത്തുന്നതു തൊട്ട് ഇന്നുവരെ ആ നഗരമോ അവിടുത്തെ കാഴ്ചകളോ അവളെ ആനന്ദിപ്പിച്ചതായി അവൾക്കു തോന്നിയിട്ടില്ല. ചുറ്റുമുണ്ടായിരുന്ന കൂട്ടുകാർ പുതിയ ലോകത്തിന്റെ കാഴ്ചകളിൽ അത്ഭുതംകൊണ്ടപ്പോഴും അവളുടെ മനസ്സ് അകലെ സഹ്യന്റെ മടിത്തട്ടിലെ ആ കൊച്ചുവീട്ടിൽത്തന്നെ ആയിരുന്നു. ആ വീടിന്റെ പിറകുവശത്തെ ചുവന്ന സിമന്റ് പാകിയ മുന്നു ചെറിയ പടിക്കെട്ടുകളിൽ കാൽ നീട്ടിവച്ചു അവൾ ഒരായിരം തവണ ആകാശം നോക്കി ഇരുന്നിട്ടുണ്ട്.

ചിലപ്പോഴൊക്കെ ആ നീലവിരിച്ച ആകാശത്തു സന്ദർശനത്തിനെത്തുന്ന അമ്പിളിമാമനെ നോക്കി ഒരുപാടു തവണ അവൾ വിസ്മയംകൊണ്ട് കണ്ണിമവെട്ടാതെ നിന്നിട്ടുണ്ട്. മൂന്നാംക്ലാസ്സിൽ പഠിക്കുമ്പോൾ അമ്മയാണ് ആദ്യമായി ഹരിയാനയിലെ കർണലിലെ കൊച്ചുമിടുക്കി ആകാശം കീഴടക്കിയ കഥ അവൾക്കു പറഞ്ഞുകൊടുക്കുന്നത്. അവളെ അനുകരിച്ച് പപ്പയുടെ പഴയ സ്കൂട്ടറിന്റെ ഹെൽമറ്റും റെയിൻകോട്ടും സ്പേസ് സ്യൂട്ട് ആയി സങ്കൽപ്പിച്ച് ആ മുറത്ത് അവൾ ഒരുപാടു തവണ ഓടിക്കളിച്ചതാണ്. ജീവിതം പലതവണ ട്രാക്ക് മാറ്റി കളിച്ചപ്പോഴും അത്തരം ചില സ്വപ്നങ്ങളുടെയും ഭ്രാന്തിന്റെയും അവശേഷിപ്പുകളാണ് അവളെ വീണ്ടും ഒന്നിൽ നിന്ന് തുടങ്ങാൻ പ്രേരിപ്പിച്ചത്. ഇത് യൂണിവേഴ്സിറ്റിയിലെ അവസാന സെമസ്റ്റർ ആണ്. പ്രൊജക്റ്റും പ്രസന്റേഷൻസും പരീക്ഷയും ജോലിക്കുള്ള ആപ്ലിക്കേഷൻസും ഇന്റർവ്യൂസും എല്ലാമായി തിരക്കുപിടിച്ച ദിവസങ്ങളിലെ എല്ലാ പ്രഭാതങ്ങളുടെയും ഏതാനും മിനിറ്റുകൾ അവൾ മാറ്റിവയ്ക്കാറുള്ള ആ പള്ളിയുടെ മുന്നിലെ സ്റ്റോപ്പിൽ അവൾ ബസ്സിറങ്ങി. ഇരുവശത്തുമായി ചെറിമരങ്ങൾ ഇടതൂർന്നു നിന്നിരുന്ന ആ വഴി ചെന്നെത്തുന്നത് കുന്നിനു മുകളിലെ ദേവാലയത്തിലേക്ക് തന്നെയാണ്. അതിന്റെ മട്ടുപ്പാവിലെ വെങ്കലത്തിൽ തീർത്ത മാലാഖയ്ക്ക് എത്രയോ വർഷങ്ങളുടെ കഥപറയാൻ ഉണ്ടാകും. വിശാലമായ ആ ദേവാലയമുറ്റത്തെ ഓരോ

മരങ്ങളും വേഷപ്രച്ഛന്നരായ ദേവദൂതന്മാരാണെന്ന് അവൾക്കറിയാം. മനുഷ്യരുടെ കണ്ണുകൾക്ക് കാണാനാവാത്ത ഒരായിരം അത്ഭുതങ്ങൾ ആ മുറ്റത്ത് അപ്പോഴും നടക്കുന്നുണ്ടാകാം. അവളുടെ സങ്കൽപ്പങ്ങളിൽ മേഘവെണ്മയുള്ള വലിയ ചിറകുകളുമായി മാലാഖമാർ അവിടുത്തെ പുൽത്തകിടികളിൽ പറന്നിറങ്ങാറുണ്ട്. കറുത്ത നീളൻ ജാക്കറ്റും കമ്പിളി തൊപ്പിയും ഷൂസും ധരിച്ച് അവൾ കിതച്ചുകൊണ്ട് ആ കുന്നുകയറി വരുമ്പോഴെല്ലാം അവർ അവളോട് സംസാരിക്കാറുമുണ്ട്. കാണാൻ പറ്റാഞ്ഞിട്ടും കണ്ടെന്നു വിശ്വസിക്കാൻ കഴിയുന്ന ആ മുഖങ്ങളിലെ ദൈവിക ചൈതന്യമാകണം അവളെ വീണ്ടും അവിടേക്ക് ആകർഷിച്ചുകൊണ്ടിരുന്നതും.

ചാറ്റൽമഴ പോലെ അപ്പോഴും ചെറുതായി മഞ്ഞു പെയ്യുന്നുണ്ട്. കോരിച്ചൊരിയുന്ന ഇടവപ്പാതി മഴയത്തു കറന്റ് പോകുന്ന നേരം മണ്ണെണ്ണ വെളിച്ചത്തിൽ അവൾ വായിച്ചുകൂട്ടിയ മുത്തശ്ശിക്കഥകളിലെ പടുകൂറ്റൻ കൊട്ടാരങ്ങൾ ഓർമിപ്പിക്കുന്നവിധംപോൽ ഭീമാകാരമായ പ്രധാനവാതിൽ കടന്ന് അവൾ അകത്തേക്ക് നടന്നു. വാതിലിനു സമീപത്തെ കൊച്ചു മേശയ്ക്കപ്പുറം ഇരുന്നു വെള്ളക്കാരി മദാമ്മ പതിവുപോലെ അവളെ നോക്കി പുഞ്ചിരിച്ചു. എന്നും നിശ്ശബ്ദത തളംകെട്ടി കിടക്കാറുള്ള ആ പള്ളിയകം അന്ന് പതിവിനു വിപരീതമായിരുന്നു. ഏകദേശം അഞ്ചുമുതൽ ഏഴു വരെ പ്രായം തോന്നിക്കുന്ന കൊച്ചു കുട്ടികളുടെ ഒരു വലിയ സംഘം ദേവാലയത്തിൽ ഓടിക്കളിക്കുന്നു. കൈകൾ നിറയെ കളർപെൻസിലും കൊച്ചു പുസ്തകങ്ങളുമായി ആ കൊച്ചു പൂമ്പാറ്റകൾ അവരുടേതായ ലോകത്തായിരുന്നു. അതു കണ്ടു പാട്ടും കഥയും കളിയും ചിരിയും നിറഞ്ഞ ഇടവക പള്ളിയിലെ മതപഠനകാലത്തെ വിശ്വാസോത്സവ ക്ലാസുകൾ അവൾക്കോർമ്മ വന്നു.

പള്ളിനിറയെ തിരക്കും ബഹളവും ആയതിനാൽ പതിവുപോലെ അൾത്താരയുടെ മുന്നിലെ ആദ്യനിരയിലെ തന്റെ സ്ഥിരം കസേരയിലേക്ക് അവൾ പോയില്ല. പകരം ഇടയ്ക്കുള്ള ഒരു ചാരുബെഞ്ചിൽ സ്ഥാനം പിടിച്ചു. കളിചിരിക്കിടയിൽ മുന്നിലെ രണ്ടു പല്ലടർന്ന ഒരു കൊച്ചുമദാമ്മക്കുട്ടി തന്റെ മോണകാട്ടി അവളുടെ നേരെ പുഞ്ചിരിച്ചു. പ്രത്യേകിച്ച് ഒന്നും തന്നെ പ്രാർത്ഥിക്കാൻ അന്നവൾക്കു തോന്നിയില്ല. വെറുതെ കുറച്ചു നേരം ആ കുഞ്ഞുങ്ങളെ നോക്കി ഇരിക്കാം എന്നവൾ വിചാരിച്ചു.

പെട്ടെന്ന് തന്റെ മുന്നിലെ നിരയിലെ സീറ്റിലേക്ക് രണ്ടുകുട്ടികളുടെ കൈപിടിച്ച് ഒരാൾ വന്നിരുന്നു. ജീൻസും ഷർട്ടും ധരിച്ചു പച്ചക്കണ്ണും ചെമ്പൻ മുടിയുമായി ഏതാണ്ട് മുപ്പതിനുമുകളിൽ പ്രായം തോന്നിക്കുന്ന അയാൾ കൂടെയുണ്ടായിരുന്ന കുട്ടികളെ ചിത്രം വരയ്ക്കാൻ സഹായിക്കുന്നുമുണ്ടായിരുന്നു. അയാളുടെ കൈയിലെ വെള്ളക്കടലാസിലെ മനോഹരമായ തിരുക്കുടുംബത്തിന്റെ ചിത്രം അവളെ വല്ലാതെ ആകർഷിച്ചു. 'Nice drawing,' അവൾ പറഞ്ഞു.

'Thanks,' അയാൾ അവളെ നോക്കി ചിരിച്ചു.

''പക്ഷേ ഈ ചിത്രം ഒന്നുകുടി ഭംഗി ആക്കാനുണ്ട്. മിനുക്കുപണികൾ ഇനിയും ബാക്കിയാണ്.''

'ദേ മലയാളം', അവൾ അറിയാതെ കണ്ണുമിഴിച്ചു. വെള്ളക്കാരൻ ഫ്രീക്കൻ സായിപ്പ് മലയാളത്തിൽ തന്നെയല്ലേ ഇപ്പോ സംസാരിച്ചേ. അവൾ മനസ്സിൽ ആലോചിച്ചു.

''ഇതെങ്ങനെ?''

''എനിക്ക് മലയാളം അറിയാം. അമ്മ നന്നായി മലയാളം സംസാരിക്കും. പണ്ട് കോട്ടയം ഭാഗത്തൊക്കെ അമ്മ വന്നിട്ടുണ്ട്. അവിടുള്ളവരോടൊക്കെ ഇടപഴകി ഇപ്പോ മലയാളം നല്ല വശമാ. അയാൾ തലയാട്ടി ചിരിച്ചു.

''കെള്ളാലോ... ഇവിടെ എന്താ ചെയ്യുന്നെ? ജോലി ആണോ?''

''അതേ, ഫുൾ ടൈം ജോലി തന്നെ. മിക്കവാറും ഈ

പള്ളിയും ഇവിടുത്തെ കാര്യങ്ങളുമൊക്കെയായി ബിസിയാ.''

''അതെയോ, ഞാൻ എന്നും വരാറുണ്ട് ഈ പള്ളിയിൽ. പക്ഷേ ഇന്നുവരെ ഇവിടെ കണ്ടിട്ടില്ലല്ലോ''

''ഹ... ഹ, പക്ഷേ ഞാൻ എന്നും കാണാറുണ്ട്. ദേ ആ മുന്നിലെ നിരയിൽ മുട്ടുകുത്തി പ്രാർഥിക്കുന്നത്. മിക്കവാറും ഭയങ്കര തീക്ഷണതയുള്ള പ്രാർഥനയാണല്ലോ. എന്തേ അത്രയ്ക്കും വലിയ എന്തോ കാര്യം സാധിച്ചെടുക്കാനുള്ളപോലെ''. അയാൾ ചെറുതായൊന്നു ചിരിച്ചു.

''അങ്ങനെ കാര്യമായി ഒന്നുമില്ല. പരീക്ഷ, ജോലി അതൊക്കെ തന്നെ;; അവൾ പറഞ്ഞു.

''എന്നിട്ടെന്തായി? പാസാകുമോ'

''ആവോ... അറിയില്ല. ഇങ്ങോട്ട് ഫ്ളൈറ്റ് കേറുമ്പോ ഉണ്ടായിരുന്ന വലിയ സ്വപ്നങ്ങൾ ഒന്നും ഇപ്പോ ഇല്ല. എങ്ങനെയെങ്കിലും ഒന്ന് കോഴ്സ് ക്ലംപീറ്റ് ചെയ്താൽ മതിയെന്നേയുള്ളൂ.'

അതെന്താടോ അങ്ങനെ ഒരു പറച്ചിൽ, എന്നാ പറ്റി'' തനി കോട്ടയം സ്റ്റൈലിൽ അയാൾ ചോദിച്ചു.

''എന്തു പറ്റാൻ! വിചാരിച്ച എളുപ്പമല്ല ഇവിടെ. ക്ലാസുകളെല്ലാം വലിയ ടഫ് ആണ്. പോരാത്തതിന് ഇന്റർവ്യൂസ് ഒന്നും ഇതുവരെ ക്ലിയർ ആയിട്ടില്ല. പിന്നെ വീട് മിസ് ചെയ്യുന്നു. ചിലപ്പോൾ തോന്നും ഇങ്ങോട്ടു വരേണ്ടിയിരുന്നില്ല എന്ന്. ചെറുതാണെങ്കിലും നാട്ടിലുണ്ടായിരുന്ന ജോലിയും റിസൈൻ ചെയ്തു, ലോണും എടുത്ത് ഈ അന്യനാട്ടിൽ വന്നിട്ട് ഒടുക്കം പണി പാളിയോന്നൊരു ഡൗട്ട്.''

''ഇത്രേ ഉള്ളോ! ഇതൊക്കെ നിസ്സാര കാര്യങ്ങൾ അല്ലേ. ഞാൻ വിചാരിച്ചു വേറെന്തോ വലിയ സംഭവം ആണെന്ന്.''

'ആ.. അതങ്ങനെയാ. എല്ലാവർക്കും അവരുടെ കാര്യങ്ങൾ വലുതും മറ്റുള്ളത് നിസ്സാരവുമായി തോന്നും.'' അവളുടെ നെറ്റി ചുളിഞ്ഞു.

''അയ്യോ! ഞാൻ ദേഷ്യപ്പെടുത്താൻ പറഞ്ഞതല്ല. നമ്മൾ പലപ്പോഴും നമ്മുടെ സങ്കടങ്ങളെപ്പറ്റി മാത്രമേ ഓർക്കാറുള്ളൂ. അതു മാത്രമേ സീരിയസ് ആയി കാണൂ. പക്ഷേ, നമുക്ക് ചുറ്റും ഒന്ന് കണ്ണോടിച്ചാൽ മതി, കഷ്ടപ്പാടില്ലാത്ത മനുഷ്യർ ഇല്ലെടോ!''

''ശരിയായിരിക്കും. പക്ഷേ, എന്റെ വിഷമങ്ങൾ എനിക്ക് വലുതു തന്നെയാണ്. ഒന്നാലോചിച്ചു നോക്ക്, സപ്പോസ് ഞാൻ ഈ കോഴ്സ് ഫെയിൽ ആയെന്നു വയ്ക്കു...''

''ഓ നെഗറ്റീവ്!'' അയാൾ ചിരിച്ചു.

ചുമ്മാ സങ്കൽപ്പിച്ചാ മതി. ഞാൻ ഫെയിൽ ആയെന്നു വിചാരിക്ക്. ജോലിയും കിട്ടിയില്ല, പത്തിരുപതു ലക്ഷം രൂപ കടമായി തരിച്ചു നാട്ടിൽ പോകുന്ന കാര്യം ഒന്നാലോചിച്ചു നോക്കിയേ. എന്റെ എന്തിനും ഏതിനും കുറ്റം കണ്ടുപിടിക്കുന്ന ബന്ധുക്കൾ ചിലപ്പോ വീടിനു മുന്നിൽ മാലപ്പടക്കം കത്തിക്കും.''

''ആഹാ! അത്രയ്ക്ക് കുഴപ്പക്കാരാണോ?''

''ആണോന്നോ! എപ്പോഴെങ്കിലും കേരളത്തിൽ വരുവാണേൽ ഞാൻ പരിചയപ്പെടുത്തിത്തരാം.'' അവൾക്കു ചിരിയടക്കാൻ പറ്റിയില്ല.

''ഞാൻ നാട്ടിലെ ജോലി റിസൈൻ ചെയ്യുന്നത് ഇരുപത്തിയൊമ്പതാം വയസ്സിലാണ്. ചുറ്റുമുള്ള എല്ലാവരും പറഞ്ഞു കെട്ടിച്ചുവിടേണ്ട പ്രായത്തിൽ പെണ്ണിനെ കോളജിൽ വിടുന്നത് മണ്ടത്തരമാണെന്ന്. പക്ഷേ, ലോകം മുഴുവനും എതിർത്തിടും എന്റെ കൂടെ നിന്ന മൂന്നുപേരുണ്ട് എനിക്ക്. ഞാൻ ഇവിടെ തോറ്റുപോയാൽ അത് അവരുടെ കുടി തോൽവിയാണ്.

''ആ...! അങ്ങനെ വരട്ടെ അപ്പോ അതാണ് യഥാർഥ പ്രശ്നം.''

'എന്ത്?'

'You are just afraid that you are gonna let them down.'

'Maybe, അതിൽ തെറ്റു പറയാൻ പറ്റില്ലല്ലോ.''

''No, but if you try your level best, then even if you don't make it, you don't have to feel guilty about it., right?''

Guilty! അവൾ അൾത്താരയിലെ ഈശോയുടെ വലിയ രുപത്തിലേക്ക് നോക്കി.

"You know, why do feel really guilty? I feel guilty because I left my parents all alone. എന്റെ സ്വപ്നങ്ങളെപ്പറ്റി മാത്രമേ ഞാൻ ചിന്തിച്ചുള്ളൂ. അത് നേടിയെടുക്കാനുള്ള വ്യഗ്രതയിൽ, I left them behind. പ്രായമായ അപ്പനെയും അമ്മയെയും ഒറ്റയ്ക്കാക്കി വന്നതിനു ദൈവം തരുന്ന ശിക്ഷയായിരിക്കും ഇത്.''

''അതുശരി! അപ്പോ ദൈവം ശിക്ഷിക്കുന്നവനാണോ, രക്ഷിക്കുന്നവൻ അല്ലേ?

അവളതിനു മറുപടി പറഞ്ഞില്ല. പകരം അൾത്താരയിലേക്കു നോക്കി ഇരുന്നു.

''എന്തിനായിരിക്കും ദൈവം എനിക്കിങ്ങനെ എടുത്താൽ പൊന്താത്ത ആഗ്രഹങ്ങൾ തന്നത്? ഇതൊന്നും ഒരിക്കലും നടക്കാൻ പോകുന്നില്ലായിരുന്നെങ്കിൽ പിന്നെ എന്തിനാ എന്നെ ചെറുപ്പം മുതലേ ഇങ്ങനെ സ്വപ്നം കാണാൻ പ്രേരിപ്പിച്ചത്? കൂടെ പഠിച്ച കൂട്ടുകാരെല്ലാം ഓരോ ജോലിയിൽ പ്രവേശിച്ച് കുടുംബവും കുട്ടികളുമൊക്കെയായി കഴിയുന്നു. ഞാൻ ഇപ്പോഴും ഇങ്ങനെ എങ്ങും എത്താതെ...''

''എല്ലാത്തിനും അതിന്റേതായ സ്മയം ഉണ്ട് ദാസാ...''

''കേമഡി പറയാൻ പറ്റിയ സമയം.''

''കോമഡി അല്ല സത്യം.'' അയാൾ തുടർന്നു. ''ദൈവം ഓരോ മനുഷ്യരെയും അതുല്യവും സമാനതകളില്ലാത്ത രീതിയിലുമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഓരോരുത്തരും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാണ്. അതുകൊണ്ടു തന്നെ ഒരാളെ അളക്കുന്ന അളവുകോൽകൊണ്ട് മറ്റൊരാളെ അളക്കാൻ പറ്റില്ലല്ലോ. ഒന്നാലോചിച്ചുനോക്ക്. നിന്റെ ജീവിതത്തിൽ നടന്ന കാര്യങ്ങൾ എല്ലാം തന്നെ നിന്നെ കൂടുതൽ ബലപ്പെടുത്തുകയല്ലേ ചെയ്തത്. അഞ്ചു വർഷം മുമ്പത്തെ നിന്നെ ഒന്ന് ഓർത്തുനോക്കിയേ, ഒരു കടയിൽ ഒറ്റയ്ക്കു പോയി സാധനം വാങ്ങാൻപോലും പേടിയായിരുന്നില്ലേ? ആ ആളിപ്പോ ഇത്രയും ദൂരം പുതിയ ഒരു നാട്ടിൽ വീണ്ടും ഒന്നിൽ നിന്ന് തുടങ്ങാനുള്ള ധൈര്യം കാണിച്ചില്ലേ When you decided to start again from scratch, ആ ഒരു റിസ്ക് എടുക്കാൻ തീരുമാനിച്ച ആ moment ഉണ്ടല്ലോ. നീ അപ്പോ തന്നെ ജയിച്ചെടോ...!''

'Wow! That was! Well, എന്നെ പറ്റി ഇത്രേം ഒന്നും ആരും പുകഴ്ത്തി സംസാരിക്കാറില്ല. Motivational speaker ആണോ?''

''പിന്നേ, മോട്ടീവേഷൻ ആണ് എന്റെ മെയിൻ.'' അയാൾ വീണ്ടും തല കുലുക്കി ചിരിച്ചു.

''But on a serious note, മനുഷ്യനായി ജനിക്കുന്ന എല്ലാവർക്കും അവരുടേതായ ബലഹീനതകളും കാണും. അതെല്ലാം സ്വാഭാവികം മാത്രം ആണ്. സ്വപ്നം കാണുന്നതും ആ സ്വപ്നത്തിനു വേണ്ടി പ്രയത്നിക്കുന്നതും എങ്ങനാടോ തെറ്റാകുന്നേ? ദൈവം നമ്മളെ ഈ ഭൂമിയിലേക്ക് അയച്ചിരിക്കുന്നത് നമുക്കു കിട്ടിയ ഈ ജീവിതം അതിന്റെ പരിപൂർണതയിൽ ജീവിക്കാൻ വേണ്ടിയാണ്. Live life to the fullest! നിന്റെ അപ്പനും അമ്മയ്ക്കും അതു കാണുന്നതു തന്നെയാണ് അഭിമാനവും.''

അയാളുടെ വാക്കുകളിൽ എന്തോ തീക്ഷ്ണതയുള്ളതായി അവൾക്കു തോന്നി. ആ പച്ചക്കണ്ണുകളിലേക്കു നോക്കി അവൾ ഇരുന്നു.

''Do you know what's the most beautiful thing in this world?''

'Faith', അവൾ മറുപടി പറഞ്ഞു.

''True, നമ്മളെയെല്ലാവരെയും ജീവിതത്തിൽ മുന്നോട്ടു നയിക്കുന്നതും അതാണ്. Dont lose it just hold on to it, and hold on to 'Him' as well'' അയാൾ തല ചെരിച്ച് അൾത്താരയിലേക്കു നോക്കി പറഞ്ഞു. ''For know the plans I have for you declares the lord. Plans to prosper you and not to harm you, plans to give you hope and a future.''

''Jeremiah, 29:11.'' അവൾ കണ്ണടച്ച് പ്രാർത്ഥിച്ചു.

സമയം മെല്ലെ കടന്നുപൊയ്ക്കൊണ്ടിരുന്നു. ദേവാലയത്തിൽ അപ്പോഴും കൊച്ചു കുട്ടികൾ ഒച്ചവെച്ചു ഓടിക്കളിക്കുന്നുണ്ടായിരുന്നു. അയാളാകട്ടെ അവരോടൊപ്പം ചിത്രം വരയ്ക്കുകയും അവയ്ക്കു നിറങ്ങൾ നൽകുകയും ചെയ്യുകൊണ്ടിരുന്നു.

അവൾ തന്റെ ബാഗും ജാക്കറ്റും എടുത്തു പോകാൻ എഴുന്നേറ്റു.

''ഞാൻ ഇറങ്ങട്ടെ ഇനി വരുമ്പോ കാണാം.''

''തീർച്ചയായും'' അയാൾ പറഞ്ഞു.

തിരികെ നടന്നു വാതിലിനടുത്തെത്തിയപ്പോൾ പെട്ടെന്നെന്തോ ഓർത്തു അവൾ തിരിഞ്ഞു നിന്നു.

''അതേ, ഇത്രയും നേരം സംസാരിച്ചിട്ടും പേരു ചേദിക്കാൻ മറന്നു. എന്റെ പേര് ഡെയ്സി. എന്താ നിങ്ങളുടെ പേര്?''

കൈയിലെ വെള്ളക്കടലാസുകൊണ്ടു പൂക്കൾ ഉണ്ടാക്കുന്ന തിരക്കിനിടയിൽ അയാൾ അവളെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു.

''Jesus.''

''Jesus! really...?'' അവൾ കളിയാക്കൽ നിറഞ്ഞ ഒരു ചിരി പാസാക്കി.

''Yes, Jesus.''

ഒകെ, അങ്ങനാണേൽ പുറത്തുനിൽക്കുന്ന മാലാഖമാരോടൊക്കെ എന്റെ അന്വേഷണം പറഞ്ഞേക്കു''.

''അതിനെന്താ, പറയാലോ, തീർച്ചയായും.''

അവർ രണ്ടുപേരും പരസ്പരം നോക്കി മനസ്സുതുറന്നു ചിരിച്ചു. ഭാരമില്ലാത്ത മനസ്സുമായി ഒരുപാട് നാളുകൾക്കുശേഷം അവൾ പുറത്തേക്കു നടന്നു. ഒരുപാട് വർഷങ്ങൾക്കപ്പുറത്തെ അവളിലെ കുട്ടിയുടുപ്പിട്ട ബാല്യത്തിലേതുപോലെ അവൾ മാനം നോക്കി ചിരിച്ചു. മഞ്ഞുപെയ്തുതോർന്ന ആകാശം പയ്യെ നീല പുതച്ചു വരുന്നതേയുള്ളൂ. അങ്ങിങ്ങായി പറന്നു നടക്കുന്ന ചിത്രശലഭങ്ങൾ അവളിലെ സ്വപ്നങ്ങൾക്ക് വീണ്ടും വർണചിറകുകൾ നൽകി. അവയെല്ലാം ഒടുവിൽ ചിറകടിച്ചുയരുക തന്നെ ചെയ്തു. കോഴ്സ് പൂർത്തിയാക്കി, ഇഷ്ടപ്പെട്ട ജോലിക്കുള്ള ഓഫർ ലെറ്റർ കിട്ടി, ആ നഗരം വിടുന്നതിനു മുമ്പ് ഒരിക്കൽക്കൂടി അവൾ ആ കുന്നുകയറി വന്നു. മുറ്റത്തെ ദേവദൂതർ അന്ന് കൈയടിച്ചും ചിറകുവീശിയും കിന്നരം മീട്ടിയുമാണ് അവളെ സ്വീകരിച്ചത്. ചാപ്പലിൽ മെഴുകുതിരി കത്തിച്ചു പ്രാർത്ഥിച്ച് അവൾ തിരിഞ്ഞു നടന്നു. അവൾക്കറിയാം അയാൾ അവളുടെ പിന്നിലെ അൾത്താരയിൽത്തന്നെ ഉണ്ടെന്ന്. അവിടുത്തെ ചാരുബെഞ്ചിൽ അവളെ നോക്കി വാത്സല്യവും സ്നേഹവും നിറഞ്ഞ പുഞ്ചിരി പൊഴിച്ചുകൊണ്ട്.

തിരിഞ്ഞുനോക്കാതെ അവൾ നടന്നകലുമ്പോൾ ദേവാലയത്തിനുള്ളിലെ ഒരു കുഞ്ഞു മാലാഖ ചിറകൊതുക്കി അയാളുടെ ഓരം ചേർന്ന് നിന്നു പറഞ്ഞു. ''She was like a wildflower, simple unpretentious and seemingly weak, yet she bloomed heavenly, anyway!''

Mini Raghavan

The Indestructible!

In my bedroom,
there's a cave of shadows,
so it's only for the shortest time
spent.
On the windowless wall,
a clock that beats without sound..
Coral reefs in the seas on walls and
ceilings,
Grey silver wall pictures.
On the writing desk -
turning silent
the soft touch of the petals..
Scattered without stacking
the boredom of clothing collection..
Lying fully upright on the bed,
still unread,
'The Assassin.'
The ear of the wall split...
not knowing the colour of night and day
Screams of burning sleep..
In the shadow of dim light
from crouching,
resounds
the chants:
"Servitude-oriented,
Female Karma,
the gate of salvation!
Opening the door of heaven,
Vrindavan Gopis stand tall
against mountains ..
The gems of women!!
Dharma - that alone is
the indestructible!"
Facing down the unfolded bed covers..
I smile..
The rage of the decade
sharp nails..
circling the larynx..

Dr P M Ali



Good morning

I simply look at you
And wonder
What makes you so alluring.
Is it your eyes
That tell me
Stories of thousand and one nights?
The eyes it must be
That twinkle like stars
Gazing at me it seems
Or is it my fantasy?
No, it is your pretty nose
With a beautiful bejeweled
Nose studs
That adds the Beaty to your face
It must be your smiles
That lit thousand lights
With colours of rainbows
Like a colorful dream
No, I know now
It is your forehead
That bears a spot
You artfully created
Making your face
Unique, and capturing
The attention of
Everybody so lucky
To behold your smile
Or is it your lips
Like red cherries
Or red rose petals
That glistening
In the moonlit night
No, I know now
It is evident
Transparent
Like sunlight itself
It is a poem I always dream about.

മുരളീ മുകുന്ദൻ

മലയാളം എഴുത്തിന്റെ നൂറു സംവത്സരങ്ങൾ

അക്കങ്ങളേക്കാൾ കൂടുതൽ അക്ഷരങ്ങളെയും കലകളെയുമൊക്കെ സ്നേഹിച്ച കുറച്ച് ആളുകൾ എവിടെയും ഉണ്ടാകുന്നതുകൊണ്ടാണ് അവരുടെ ഭാഷയും സംസ്കാരവും അവർ മറ്റൊരു സ്ഥലത്തേക്ക് കുടിയേറിയാലും അവിടങ്ങളിലും കോട്ടം കൂടാതെ നിലനിൽക്കുന്നത്. അതുപോലെ തന്നെയാണ് നമ്മുടെ ഭാഷയുടെ സ്ഥിതിയും. അനേകം മലയാളി വംശജർ ഇന്നീ ആംഗലേയദേശങ്ങളിൽ വസിക്കുന്നുണ്ടെങ്കിലും, ഇതിൽ ഒട്ടുമിക്കവർക്കും നമ്മുടെ പഴയകാല കുടിയേറ്റ ചരിത്രം അത്ര വ്യക്തമായി അറിയില്ല എന്നതാണ് വാസ്തവം.

ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ട് മുമ്പ് മുതൽ അതി സമ്പന്നരുടെയും, നാടുവാഴികളുടെയും തലമുറയിൽ പെട്ടവർ പഠിക്കാനും മറ്റുമായി ബിലാത്തിയിലേക്ക് കപ്പലേറി വന്നു തുടങ്ങി. അവരിൽ ഭാഷാതൽപരരും, കലാസാഹിത്യ സ്നേഹികളുമൊക്കെ കൂടിയാണ് 'മലയാളി മൂവ്മെന്റ്' പ്രസ്ഥാനവും, പിന്നീട് 'മലയാളി സമാജ'വുമൊക്കെ ലണ്ടനിൽ തുടങ്ങിവെച്ചത്.

ഈ പ്രവാസ കാലഘട്ടങ്ങൾക്കിടയിൽ പാശ്ചാത്യ നാട്ടിൽ നിന്നും മലയാള ഭാഷയിൽ നൂറ് വർഷങ്ങൾക്ക് മുമ്പ്, അന്നുണ്ടായിരുന്ന മലയാളികൾ ഒരു മലയാളം കൈയെഴുത്ത് പതിപ്പ് പ്രകാശനം ചെയ്തിറക്കിയിരുന്നു. ബ്രിട്ടനിൽ നിന്നും അല്ലെങ്കിൽ ഒരു വിദേശരാജ്യത്ത് നിന്നും പുറത്തിറങ്ങിയ ആദ്യത്തെ മലയാള പുസ്തകം!

1912ൽ ലണ്ടനിൽ പഠിക്കാനെത്തിയ എഴുത്തുകാരനും വാഗ്മിയും മാതൃഭൂമി പത്രത്തിന്റെ സ്ഥാപകരിലൊരാളുമായിരുന്ന കെ.പി. കേശവമേനോന്റെ നേതൃത്വത്തിൽ 1914ൽ തുടങ്ങിവെച്ച ഒരു വിദ്യാർത്ഥി പ്രസ്ഥാനമായിരുന്നു 'മലയാളി മൂവ്മെന്റ്' എന്ന പാശ്ചാത്യ ലോകത്തെ പ്രഥമമായ മലയാളി കൂട്ടായ്മ.

ഈ മലയാളി മൂവ്മെന്റിലെ ആളുകൾ നാലഞ്ചുകൊല്ലങ്ങൾക്ക് ശേഷം, അന്നിവിടെ നിയമം പഠിക്കുവാൻ വന്നിരുന്ന അഡ്വക്കറ്റ് കെ.ടി. പോളിന്റെ മേൽനോട്ടത്തിൽ 1919ൽ കൈപ്പടയാൽ എഴുതി, ചിത്രങ്ങൾ വരച്ച് പ്രസിദ്ധീകരിച്ച കൈയെഴുത്ത് പതിപ്പായിരുന്നു പാശ്ചാത്യ ലോകത്തു നിന്നും ഇറങ്ങിയ ആദ്യത്തെ മലയാള പുസ്തകം.

1920ൽ ഒരു ഇന്ത്യൻ സ്റ്റുഡൻസ് ഹോസ്റ്റലിന് ലണ്ടനിലെ വൈ.എം.സി.എയിൽ (YMCA) ആരംഭം കുറിച്ചതും അഡ്വക്കറ്റ് കെ.ടി. പോളായിരുന്നു.

1919 മുതൽ തുടർച്ചയായി കൊല്ലംതോറും പ്രസിദ്ധീകരിച്ചില്ലെങ്കിലും പലപേരുകളിലായി ഈ വിദ്യാർത്ഥി പ്രസ്ഥാനവും, പിന്നീടു വന്ന മലയാളി സമാജവും, ഓബ്രി മേനോൻ, കോന്നി മേശ്രി, ഡോ. കുഞ്ഞൻ, മേനോൻ മാരാത്ത്, വി.കെ. കൃഷ്ണമേനോൻ, കരുവത്തിൽ ഗോപാലൻ, ഡോ. കോശി ഇട്ടൂപ്പ്, പി.കെ. സുകുമാരൻ, ഡോ. ആർ.കെ. മേനോൻ, എം.എ. ഷക്കൂർ എന്നീ ഭാഷാ സ്നേഹികളായ പഴയകാല യു.കെ മലയാളികളുടെ പ്രയത്നത്താൽ മലയാളം കൈയെഴുത്ത് പതിപ്പുകൾ ശേഷമുള്ള കാലഘട്ടങ്ങളിലൊക്കെ ഇറക്കിക്കൊണ്ടിരുന്നതായി പറയപ്പെടുന്നു.

1924ൽ ഉന്നതവിദ്യാഭ്യാസത്തിനായി ലണ്ടനിൽ എത്തി പിന്നീട് മൂന്ന് പതിറ്റാണ്ടോളം ജോലിയും രാഷ്ട്രീയവുമൊക്കെയായി വാണിരുന്ന പ്രമുഖനായ വി.കെ കൃഷ്

യു.കെയിലെ മലയാളം എഴുത്തിന്റെ 100 വർഷങ്ങൾ, ലണ്ടനിലെ കേരളാഹൗസിൽ 'കട്ടൻ കാപ്പിയും കവിതയും' കൂട്ടായ്മയുടെ നേതൃത്വത്തിൽ 2019ൽ ആഘോഷിച്ചപ്പോൾ

ണമേനോൻ 1931–32 കാലഘട്ടത്തിൽ മലയാളി മൂവ്മെന്റ് പ്രസ്ഥാനത്തെ 'യു.കെ മലയാളി സമാജ'മായി പുനഃസംഘടിപ്പിച്ച് നേതൃത്വം നൽകി.

ഈ 'യു.കെ മലയാളി സമാജ'മാണ് പിന്നീട് നാല് ദശകങ്ങൾക്ക് ശേഷം 'മലയാളി അസോസ്സിയേഷൻ ഓഫ് ദി യു.കെ'യായി മാറിയ പാശ്ചാത്യനാട്ടിലെ പ്രഥമ മലയാളി സംഘടന.

ഇതിനിടയിൽ ഡോക്ടർമാരടക്കം, ഉന്നത ബിരുദം ലക്ഷ്യമാക്കി ലണ്ടനിലെത്തിയ മലയാളികളിൽ കുറച്ചുപേർ ഇവിടെ സ്ഥിരതാമസം തുടങ്ങിയെങ്കിലും അവർ തമ്മിലുള്ള കൂട്ടായ്മകൾ സംഘടനാതലത്തിൽ രൂപപ്പെട്ടത് അതിനും കാൽനൂറ്റാണ്ടെങ്കിലും പിന്നിട്ടശേഷമാണ്.

ആദ്യകാലങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിലും മദ്ധ്യത്തിലുമൊക്കെ ബിലാത്തിയിലേക്ക് കപ്പലേറി വന്നിരുന്നത് നാട്ടിലുള്ള പ്രമാണികളുടെ കുടുംബത്തിൽ ജനിച്ചവർ, നിയമം, വൈദ്യശാസ്ത്രം തുടങ്ങിയ മേഖലകളിൽ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കുവാൻ വേണ്ടിയായിരുന്നു.

കുടിയേറ്റത്തിന്റെ മറ്റൊരു കാലഘട്ടം ആരംഭിക്കുന്നത് 1950കളിലാണ്. ഈ കാലത്ത് സിലോൺ (ഇന്നത്തെ ശ്രീലങ്ക), മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലെ ബ്രിട്ടീഷ് കമ്പനികളിലെ ജോലിക്കാർക്ക്, ബ്രിട്ടനിൽ ജോലി ചെയ്യുവാൻ അവകാശം കിട്ടിയപ്പോൾ ധാരാളം മലയാളികൾ കുടുംബമായി ഇവിടേക്ക് കുടിയേറി. 1960 മുതൽ 1980 വരെ ബ്രിട്ടന്റെ മൂന്നുനാലു പ്രദേശങ്ങളിൽ പല പ്രതിസന്ധികളും നേരിട്ട് അതിജീവനം നടത്തിയാണ് പുത്തൻ കുടിയേറ്റക്കാരായ ഭൂരിഭാഗം മലയാളികളും ജീവിതം കുറേശ്ശെയായി പച്ചപിടിപ്പിച്ച് കൊണ്ടിരുന്നത്.

ഇവരുടെയൊക്കെ രണ്ടാമത്തെ തലമുറ ബിലാത്തിയിലെ വിദ്യാഭ്യാസം നേടുകയും, അതോടൊപ്പം മലയാളനാടിന്റെ പല സാംസ്കാരിക ചിട്ടവട്ടങ്ങളും ഇത്തിരിയിത്തിരിയായി അവരുടെയൊക്കെ കലാസാഹിത്യ പ്രവർത്തനങ്ങളിലൂടെ, ഈ നാട്ടിലും പ്രചരിപ്പിച്ച് തുടങ്ങുകയും ചെയ്തിരുന്നു. ഇവരിൽ ഭൂരിഭാഗവും, കേരളത്തിൽ ജനിച്ചവരും, സ്കൂൾകലാലയ വിദ്യാഭ്യാസ കാലഘട്ടങ്ങളിൽ ബിലാത്തിയിലേക്കു വന്നവരുമാണ്.

പിന്നീടവർ കലാ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ചുവടുവച്ചു തുടങ്ങി.

അതിൽ ചിലർ ഒറ്റയ്ക്കും കൂട്ടായ്മയായും പല കലാ സാഹിത്യ വേദികൾക്കും തുടക്കം കുറിച്ചു. പുതുതലമുറയിൽ പെട്ടവരെ മലയാളി സാംസ്കാരിക പൈതൃകവുമായി ബന്ധിപ്പിക്കാൻ ഈ സംഘടനകൾക്കു കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. നാടകം, കഥാപ്രസംഗം തുടങ്ങി പലർ ചേർന്നവതരിപ്പിക്കുന്ന കലാപരിപാടികൾ ഇത്തരം കൂട്ടായ്മകളെ പരോക്ഷമായി വളരാൻ സഹായിച്ചിരുന്നു.

ബിലാത്തി കുടിയേറ്റത്തിന്റെ അടുത്ത ഘട്ടം, പുതിയ നൂറ്റാണ്ടായ 2000ൽ ആരംഭിക്കുന്നു എന്നു പൊതുവെ പറയാം. പ്രൊഫഷണലുകളും, സെമി പ്രൊഫഷണലുകളും, വർക്ക് പെർമിറ്റ് അടിസ്ഥാനത്തിൽ ഇവിടെ വ്യാപകമായി സകുടുംബം എത്തിച്ചേർന്നു. അതിൽ ബഹുഭൂരിപക്ഷവും ആരോഗ്യമേഖലയിലും, വിവര സാങ്കേതിക മേഖലയിലും പ്രവർത്തിക്കുന്നവരായിരുന്നു.

ലണ്ടനിലും അതിനു തൊട്ടു പരിസരപ്രദേശങ്ങളിലുമായിരുന്നു ആദ്യകാല കുടിയേറ്റക്കാർ അധിവസിച്ചിരുന്നത്. എന്നാൽ പുതിയതായി എത്തപ്പെട്ട മലയാളികൾ യു.കെയുടെ വിവിധ പ്രദേശങ്ങളിലായി അധിവസിക്കാൻ തുടങ്ങി. വലിയ ആശുപത്രികളും വലിയ വ്യവസായ വാണിജ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ചായിരുന്നു ഇക്കൂട്ടരുടെ അധിവാസം. അവർ പിന്നീട് അനേകം കലാസാംസ്കാരിക സംഘടനകളും, കച്ചവടസ്ഥാപനങ്ങളും ആരംഭിക്കുകയും ചെയ്തു തുടങ്ങിയതോടുകൂടി മലയാളി സാന്നിധ്യം ഇല്ലാത്ത സ്ഥലങ്ങൾ ആംഗലേയ നാട്ടിൽ വളരെ വിരളമായി എന്നു പറയാം.

ഇത്തരം മലയാളി കുടിയേറ്റങ്ങൾക്കൊപ്പം നമ്മുടെ ഭാഷയും ഈ ബിലാത്തിയിൽ കുറേശ്ശെയായി വേരോടിക്കൊണ്ടിരുന്നു. ഒപ്പം തന്നെ ഇതുവരെയായി ആംഗലേയ മലയാളികളുടേതായി നൂറിൽപരം വിവിധ വിഭാഗത്തിൽപ്പെട്ട അച്ചടിച്ച മലയാള പുസ്തകങ്ങളും വിപണിയിൽ ഇറങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ഇന്നിപ്പോൾ വായനയെയും എഴുത്തിനെയും പ്രോത്സാഹിപ്പിക്കുന്ന സാംസ്കാരികമായ ഒരന്തരീക്ഷം എല്ലാ പ്രവാസികൾക്കിടയിലും രൂപപ്പെട്ടു വരുന്നുണ്ട്. അതിൽ കലാ സാംസ്കാരിക സംഘടനകൾക്കും, ഓൺലൈൻ പ്രസിദ്ധീകരണങ്ങൾക്കും, ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾക്കും സോഷ്യൽ മീഡിയ തട്ടകങ്ങൾക്കുമൊക്കെ നിർണ്ണായകമായ പങ്കുണ്ട്.

2010 മുതൽ 'മലയാളി അസോസ്സിയേഷൻ ഓഫ് ദി യു.കെ'യുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന 'കട്ടൻ കാപ്പിയും കവിതയും' എന്ന സാഹിത്യസംരംഭം, ഇന്ത്യക്കു പുറത്തുള്ള മലയാളത്തിന്റെ സുപ്രധാന തട്ടകമായി ലണ്ടനെ വളർത്തിക്കൊണ്ടുവരുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട് എന്നത് എടുത്തു പറയേണ്ടതാണ്.

മലയാള സാഹിത്യ സാംസ്കാരിക ദൈഷണിക രംഗത്തുള്ള ധാരാളം പ്രഗത്ഭരെ ബിലാത്തി മലയാളികളുമായി സംവദിക്കുവാൻ ഈ കൂട്ടായ്മ അവസരം ഒരുക്കിയിട്ടുണ്ട്. 150നു പുറത്ത് കാമ്പുള്ള പരിപാടികൾ, തിരക്കുപിടിച്ച ജീവിതമുള്ള ലണ്ടൻ പോലുള്ള മഹാനഗരങ്ങളിൽ ഒരുക്കുക എന്നത് വളരെ ശ്രമകരമായ കാര്യമാണ്.

സാഹിത്യചർച്ചകൾ, കവിയരങ്ങുകൾ എന്നിവയ്ക്കു പുറമെ, യു.കെയിലെ മലയാളി എഴുത്തുകാരുടെ ആദ്യ ദേശീയസംഗമം, മലയാളി എഴുത്തിന്റെ നൂറാം വാർഷികം എന്നിവ സംഘടിപ്പിച്ചതും കട്ടൻ കാപ്പിയും കവിതയും കൂട്ടായ്മയുടെ പ്രവർത്തനങ്ങളിലെ എണ്ണപ്പെട്ട നേട്ടങ്ങളാണ്.

ഇന്ന് അനേകം മലയാളിവംശജർ അങ്ങോളമിങ്ങോളം പലരാജ്യങ്ങളിലുമായി യൂറോപ്പിൽ അധിവസിച്ചു വരുന്നുണ്ട്. അതിൽ ഏതാണ്ട് മൂന്നു ലക്ഷത്തോളം മലയാളികളുള്ള ആംഗലേയ നാടുതന്നെയാണ് ഏറ്റവും കൂടുതൽ മലയാളി സാന്നിധ്യമുള്ള രാജ്യം. ഇവിടെയുള്ള വിദേശിവംശീയരിൽ ഏറ്റവും കൂടുതലുള്ള ഭാരതീയരിൽ ഗുജറാത്തികൾക്കും, പഞ്ചാബികൾക്കും ശേഷം മൂന്നാം സ്ഥാനം അലങ്കരിക്കുന്നതിപ്പോൾ മലയാളികളാണ്...!

അതായത് ജീവിത വണ്ടിയിൽ പ്രാരബ്ധങ്ങളുടെ ഭാരവുമേറ്റി സ്വന്തം വീടും നാടുമൊക്കെ വിട്ട് പാലായനം ചെയ്യേണ്ടി വന്നിട്ടും അവർ ജനിച്ച നാടിന്റെ നന്മകളും, സംസ്കാരങ്ങളും മറ്റും മറക്കാതെ മനസ്സിന്റെ ഒരു കോണിൽ വച്ചു താലോലിച്ച്, ആ വിഹ്വലതകൾ മുഴുവൻ കലാസാഹിത്യ രൂപങ്ങളിൽ കൂടി പുറത്തു കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഓരോ പ്രവാസ സമൂഹങ്ങളിലും ഇത്തരമുള്ള വളരെ തുച്ഛമായ ആളുകളാണ് ഉള്ളതെങ്കിലും, അവരാണല്ലോ ഭൂരിപക്ഷമുള്ള ബാക്കിയുള്ളവർക്കെന്നും ഭാഷാപരമായിട്ടും, കലാപരമായിട്ടും മറ്റു സാംസ്കാരികമായ എല്ലാ കാര്യങ്ങളിൽ കൂടിയും മലയാളത്തിന്റെ തനിമകൾ തങ്ങളാലാവും വിധം കാഴ്ച്ച വെച്ച്, ഗൃഹാതുരത്വസ്മരണകൾ എന്നും നിലനിർത്തിക്കൊണ്ടിരിക്കുന്നത്. അതേ അതുകൊണ്ടൊക്കെത്തന്നെയാണ് നമ്മുടെ മലയാളവും നൂറു കൊല്ലങ്ങൾക്ക് ശേഷവും ഈ ആംഗലേയ നാട്ടിൽ ഒരു കോട്ടവും കൂടാതെ പച്ചപിടിച്ചു നിൽക്കുന്നത്.

യൂണിവേഴ്സിറ്റികൾ കേന്ദ്രമാക്കി കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കുത്തൊഴുക്ക് അനുസ്യൂതമായി തുടരുന്ന ഈ ദശകത്തിൽ, മലയാളവുമായി അവരെ ബന്ധിപ്പിക്കുന്ന കണ്ണികൾ ഏതെന്നു തിരയുകയാണ് ഞാനുൾപ്പെടെയുള്ള അവരുടെ മുൻഗാമികൾ.

എം.എ.യു.കെ എഴുത്തച്ഛൻ ഗ്രന്ഥശാല

കേരളാ ഹൗസിൽ പുതുതായി പ്രവർത്തനമാരംഭിച്ച ഗ്രന്ഥശാലയിലേക്ക് ലഭിച്ച, ഇന്നാട്ടിലെ മലയാളി എഴുത്തുകാരുടെ പുസ്തകങ്ങൾ ഇവിടെ പരിചയപ്പെടുത്തുന്നു.

റേ മുതൽ ലണ്ടൻ ഫെസ്റ്റിവൽ വരെ (ലേഖനങ്ങൾ)

ഗ്രന്ഥകർത്താവ്: *മണമ്പൂർ സുരേഷ്*

നാലു പതിറ്റാണ്ടു കാലം ലണ്ടൻ ഫിലിം ഫെസ്റ്റിവലിൽ പങ്കെടുത്തതിന്റെ വെളിച്ചത്തിൽ ലോക സിനിമയെ മലയാളത്തിൽ പരിചയപെടുത്തുന്നു. ചലച്ചിത്ര വിദ്യാർത്ഥികൾക്കും, ആസ്വാദകർക്കും ഒരുപോലെ ആസ്വാദ്യകരവും, ഉപകാരപ്രദവുമാണ് പത്രപ്രവർത്തകനായ മണമ്പൂർ സുരേഷിന്റെ ഈ ഗ്രന്ഥം.

പുരുഷാർത്ഥങ്ങൾ (നോവൽ)

ഗ്രന്ഥകർത്താവ്: *ഡോ. ബിജു രാമചന്ദ്രൻ*

ഉപാധികളില്ലാത്ത സ്നേഹത്തെ പ്രകീർത്തിക്കുന്ന നോവലാണ് പുരുഷാർത്ഥങ്ങൾ. ജർമ്മനിക്കാരിയായ അന്നയുടെയും മലയാളിയായ റാമിന്റെയും ജീവിതത്തിന്റെ ചതുർവിധ മേഖലകളിലൂടെ സഞ്ചരിച്ചുകൊണ്ട് കർമ്മസാക്ഷാത്കാരത്തിന്റെ മോക്ഷമാർഗ്ഗങ്ങളെ വിശകലം ചെയ്യുന്ന കൃതി.

അഹം (കവിത)

ഗ്രന്ഥകർത്താവ്: *രശ്മി പ്രകാശ്*

തന്റേതായ ഒരു കാവ്യ ഭാഷയിലൂടെ, സ്വാനുഭവങ്ങളും, സ്വാനുഭവങ്ങളാക്കി മാറ്റിയ പരാനുഭവങ്ങളും, ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന 51 കവിതകളുടെ സമാഹാരം. ഒരു വലിയ അനുഭവ ലോകമാണ് വൈരുദ്ധ്യങ്ങളെക്കുറിച്ചുള്ള ദാർശനികമായ ഉൾക്കാഴ്ചയോടെ ഈ സമാഹാരം നമുക്കു മുന്നിൽ തുറന്നിടുന്നത്.

കോട്ട (നോവൽ - വിവർത്തനം)

ഗ്രന്ഥകർത്താവ്: *ഡോ. ഷാഫി കെ. മുത്തലീഫ്*

ഡോക്ടർ എ.ജെ. ക്രോണിൻ എഴുതിയ ദ സിറ്റാഡൽ എന്ന പ്രശസ്ത നോവലിന്റെ വിവർത്തനമാണ് കോട്ട. ഇംഗ്ലണ്ടിൽ നാഷണൽ ഹെൽത്ത് സർവീസ് (NHS) ആരംഭിച്ചതിനുള്ള അടിസ്ഥാന ശില പാകിയതിന്റെ അംഗീകാരം, എ.ജെ. ക്രോണിൻ ആംഗലേയത്തിൽ എഴുതിയ The Citadel എന്ന പുസ്തകം പേറുന്നു.

ദൈവത്തിന്റെ തമാശകൾ,
ചില മനുഷ്യരുടെയും (കഥ)

ഗ്രന്ഥകർത്താവ്: *എം.ഡി. കുതിരപ്പുറം*

മനുഷ്യ ജീവിതത്തിന് പല നിറങ്ങളുണ്ട്. പല രുചി ഭേദങ്ങളുണ്ട്. അവിടെ സുഖമുണ്ട്, ദുഃഖമുണ്ട്, സന്തോഷമുണ്ട്. ചിരിയുണ്ട്. കരച്ചിലുമുണ്ട്. ഈ വികാരങ്ങളുടെ ഒരു സമ്മിശ്ര അവതരണമാണ്,

'ദൈവത്തിന്റെ തമാശകൾ, ചില മനുഷ്യരുടെയും' എന്ന കഥാസമാഹാരത്തിൽ ഗ്രന്ഥകാരൻ കൊണ്ടുവരാൻ ശ്രമിക്കുന്നത്.

ഓർമ്മകൾ സൂക്ഷിക്കാനുള്ളതല്ല (കവിത)

ഗ്രന്ഥകർത്താവ്: *റാണി സുനിൽ*

ആന്തരികവും, കാലികവുമായ വിഷയങ്ങളെ ചിന്തോദ്ദീപകമായി അവതരിപ്പിക്കുന്ന കവിതകളുടെ സമാഹാരം. റാണിയുടെ ഓരോ കവിതയും വായനക്കാരോടുള്ള ചോദ്യമാണ്.

സ്വപ്നസഞ്ചാരി (നോവൽ)

ഗ്രന്ഥകർത്താവ്: *ഡോ. ഷാഫി കെ. മുത്തലീഫ്*

മനശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന, ലോക വിഖ്യാത മനശാസ്ത്രജ്ഞനായിരുന്ന സിഗ്മണ്ട് ഫ്രോയ്ഡിന്റെ ജീവിതം പ്രമേയമാക്കി രചിച്ച നോവൽ.

നിങ്ങളെന്നെ കരിസ്മാറ്റിക്കാക്കി (കഥ)

ഗ്രന്ഥകർത്താവ്: *ജോജി പോൾ*

ഇന്നലെകളെ അനിതരസാധാരണമായ മികവോടെ ഓർത്തു പറയുകയും, അതിലൂടെ നാളെയുടെ സ്വപ്നങ്ങളെ പകർത്തുകയുമാണ് ഇതിലെ 24 കഥകൾ. ഒരു ചെറു ചിരി വിരിയിക്കാൻ കഴിവുള്ളതാണ് നർമ്മത്തിന്റെ മൊമേമ്പൊടി ചാലിച്ച പല കഥകളും.

രബീന്ദ്രനാഥ് ടാഗോർ വേരുകൾ തേടി (നോവൽ)

ഗ്രന്ഥകർത്താവ്: *ജയശീ ശ്യാംലാൽ*



മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി രചിച്ച നോവൽ

സാരമധു (നോവൽ)

ഗ്രന്ഥകർത്താവ്: *ബീന റോയ്*

പ്രണയവും, സംഗീതവും, ആത്മീയതയും, നൃത്തവും, ബന്ധങ്ങളുടെ ദൃഢതയും, ചാലിച്ചെഴുതിയ നോവലാണ് സാരമധു. ഇതിന്റെ ഭൂമിക ഇന്ത്യയിലും ഇംഗ്ളണ്ടിലുമായി വ്യാപിച്ചു കിടക്കുന്നു.

അനാർക്കലി (നോവൽ)

ഗ്രന്ഥകർത്താവ്: *ഡോ. ഷാഫി കെ. മുത്തലീഫ്*

പതിനാറാം നൂറ്റാണ്ടിലെ മുഗൾ ചക്രവർത്തിയായിരുന്ന അക്ബറിന്റെ പുത്രനായ സലിം രാജകുമാരന്റെയും സൗന്ദര്യധാമമായിരുന്ന അനാർക്കലിയുടെയും പ്രണയകഥ മിഴിവോടെ അവതരിപ്പിക്കുന്ന നോവൽ

ഹോട്ടൽ രാമേശ്വരം (കവിത)

ഗ്രന്ഥകർത്താവ്: *പ്രിയവ്രതൻ*

ശിശിരം, വസന്തം, ഗ്രീഷ്മം, വർഷം എന്നീ നാലു വിഭാഗങ്ങളിലായി 52 കവിതകളുടെ സമാഹാരം. മലയാള ഭാഷക്ക് ഒരിടയ്ക്കു കൈവിട്ടുപോയ ലാവണ്യ സങ്കൽപ്പങ്ങളെ വായനക്കാരന് ഈ കവി തിരിച്ചു നൽകുന്നു.

വരണാസിയിലെ മഴ (കവിത)

ഗ്രന്ഥകർത്താവ്: ജൂലി ഗണപതി

ജീവിതത്തിന്റെ ചായകൂട്ടു കൊണ്ടു രചിച്ച ശക്തമായ കവിതകളുടെ സമാഹാരം.

Sreejith Sreedharan
(Secretary | MAUK)

"What we did last year"

2022 was yet another momentous year for MAUK. Handing two newly built houses to deserving families, The Platinum Mela that attracted over 5K participants and our Food Bank leading the way in preventing food poverty in Newham are just a few of the astonishing services we can all be proud of. However, as Secretary of MAUK, what struck me most in the past year was the inundated number of queries, complaints, and requests for assistance from desperate and vulnerable newly migrated Malayalees.

The Malayalee population has grown exponentially in recent years with a large influx of students and medical professionals. Sadly, we are also seeing an increasing number of Malayalees overstaying their visas after becoming victims of people traffickers. These traffickers sell vulnerable people false dreams of a glorious life in the UK to loot them of their livelihood and plunge them into irrecoverable debts. We know thousands of such families, most living in abject poverty in overcrowded squalid conditions. The Malayalee population's fast-changing demography has brought unprecedented problems such as food poverty, accommodation shortages and homelessness, domestic abuse incidents, visa scams, exploitation of undocumented migrants, mental well-being issues, etc. This, in turn, has increased demands for support from community organisations, with more people turning to organisations for accurate information and impartial advice. It is imperative that when desperate people approach organisations like MAUK as their only hope, we listen to them emphatically and not dismiss their concerns as their own making. Remember, most of us or our parents or grandparents also migrated to the UK in search of a better life, and it is only humane for others to aspire for a better future for themselves and their families. It doesn't matter when you made Britain your home; we are all united in our reasons why.

Thanks to our absolute determination to support our community members within our capabilities and our swift response to their queries, MAUK is at the top of the list for online searches for 'Malayalee organisations in the UK'. Hence, we are also the first port of call for Malayalees from all

Prof T J Joseph

walks of life from the UK and across the globe. Despite having no paid staff, the large number of communications we receive through emails, calls, SMS, WhatsApp and other social platforms are responded to promptly and sensitively, even if we are not in a position to help them.

We know that listening patiently without judgement or prejudice, explaining the harsh, inevitable realities they must face in a language and tone that they understand and reassuring them that things can only get better is enough to bring back many from despair and even suicidal thoughts. When we could, we provided them with impartial advice and mental, financial and logistical support. At other times, we signpost them to where they can get more professional help. The constant request for help and support, often beyond our remit, has been a draining and deflating task for MAUK volunteers. Despite this, we continue to do it as we are passionate about serving our community. We know that those who laid our foundation and others after them who built up MAUK did so to ensure that our organisation will survive the test of time, stand tall and be noble to support and serve future generations of Malayalees who choose Britain as their home.

Finally, I want to conclude my message by highlighting MAUK's recent achievements. These include:

- The Platinum Mela, which celebrated the Platinum Jubilee of The Queen, was one of the largest celebrations, attracting over five thousand participants. The highlights included 70 ladies performing Thiruvathira, 110 drummers playing the Chenda, and 70 children singing the National anthem, among other performances. The event, at which over 300 artists performed, was a colourful display of multicultural Britain and was featured in the BBC news and radio, Guardian newspaper, and local and international media outlets.
- We handed over the keys to two new houses to deserving families, bringing the total number of homes built since 2019 to seven and embarked on our eighth housebuilding project.
- Our widely commended Food Bank, which was started to address food poverty during COVID-19, continued to serve between 50 to 60 local families each week.
- Initiated our 23rd Drama production,

Platinum Mela

Onam Sadya

Food Bank

'Theyyam', with 25 homegrown artists and technicians participating.

- Represented Kerala at the Azadi Ka Amrit Mahotsav (76th Indian Independence Day Celebration) upon invitation from The High Commission of India.

MAUK's achievements were only accomplished thanks to the dedication and commitment of our directors and volunteers and the unwavering support of our members, sponsors, and supporters. I take this opportunity to express our sincere gratitude to every individual whose invaluable contributions have enabled MAUK to lead in serving our community and the wider society.